
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs

# e - page

## Digital magazine



**ST JOSEPH'S H S S**

Pulincunnoo



"SANCTIFICATION OF SELF & SALVATION OF ALL"

CHAVARA YEAR

"ദൈവതിരുമനസ്സ്
നടക്കും,
നടത്തും"



1898 ൽ സ്ഥാപിതമായ പുളിങ്കുന്നു സെന്റ് ജോസഫ്സ് കുട്ടനാട്ടിലെ പ്രമുഖ വിദ്യാലയമായി അന്നുതൊട്ടിന്നോളം അഭിമാന പുരസ്സരം തലയുയർത്തി നിൽക്കുന്നു.വിവരവിനിമയ സാങ്കേതികവിദ്യയുടെ നൂതനമായ പ്രക്രിയകളെ എക്കാലവും ആവേശത്തോടെ ഈ വിദ്യാലയം ഏറ്റുവാങ്ങിയിട്ടുണ്ട്. സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി രൂപികൃതമായ ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ IT കൂട്ടായ്മപുറത്തിറക്കുന്ന

ഇ -പേജ് എന്ന മാസികയക്ക് എല്ലാ പിന്തുണയും ആശംസകളും നേരുന്നു.



പൊതു വിദ്യാലയങ്ങളിൽ ഹൈടെക് വിദ്യാഭ്യാസം നിലവിൽ വന്ന ഈ സാഹചര്യത്തിൽ നമ്മുടെ സ്കൂളും ഹൈടെക്ക് ആയിക്കഴിഞ്ഞിരിക്കുന്നു.വിവരവിനിമയസാങ്കേതിക വിദ്യയുടെസങ്കേതങ്ങളും ഉപകരണങ്ങളും സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ ലിറ്റിൽ കൈറ്റ്സ് വലിയ പങ്കു

വഹിക്കുന്നു. ഈയവസരത്തിൽ ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും.

## മുഖമൊഴി

**ലി**റ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർത്ഥികൾക്ക് വൈവിധ്യമാർന്ന പരിശീലനം ലഭിക്കുന്നു. സാങ്കേതികസംഗത്തെ വിവിധ മേഖലകളിലെ അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് ലിറ്റിൽ കൈറ്റ്സ് അവസരം നൽകുന്നു. ഗ്രാഫിക്സ് & ആനിമേഷൻ സ്ക്രാച്ച് പ്രോഗ്രാമിംഗ്,പൈത്തൺ, പ്രോഗ്രാമിംഗ് മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്സ് എന്നിങ്ങനെ വിവിധ മേഖലകൾ പരിചയപ്പെടാൻ സാധിക്കുന്നു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാസികയ്ക്ക് എല്ലാ ആശംസകളും നേരുന്നു.

ജീവൻ തോമസ്



**ചാവറമൊഴികൾ**

*ചീത്ത പുസ്തകങ്ങൾ   സൂക്ഷിക്കുന്നത് വൈക്കോലിൽ തീ ഒളിപ്പിച്ചുവയ്ക്കുന്നതിന് സമമാകുന്നു.

*പകൽവിളക്കു കത്തിക്കുന്നവന് രാത്രി കഴിഞ്ഞു വിഷമിക്കേണ്ടിവരും

*മദ്യപാനം അപകടവും , അപമാനവും,വരുത്തിവയ്ക്കും

*പകരം വീട്ടാനും പ്രതികാരം ചെയ്യാനും മൃഗങ്ങൾക്കു പോലും കഴിയും പക്ഷെ ക്ഷമിക്കുവാൻ

മനുഷ്യനു മാത്രമേ കവിയൂ

*ഒരുനന്മയെങ്കിലും ഒരു ദിനം ചെയ്യാം അന്യന്  ഉപകാരം ചെയ്യാത്ത ദിവസം അത്താഴം

കഴിക്കരുത്

*പരസ്പര സ്നേഹമാണ് നമ്മുടെ ബലം തിന്മ ചെയ്യുന്നവർക്കും നമ്മൾ നന്മ ചെയ്യണം

*അദ്ധ്വാനശീലരായ മനുഷ്യർ കുറച്ച് വസ്തുക്കൾ കൊണ്ടുമാത്രം സമ്പൂർണ്ണനായി ജീവിക്കുന്നു

*മടി സർവ്വ ദുർഗുണങ്ങളുടെയും മാതാവാകുന്നു

*കുടുമ്പത്തിന്റെ പ്രധാന സമ്പത്ത് ദൈവഭയം  ഭക്തിയും തന്നെ

*സൂത്രംകൊണ്ടും കളവ്  കൊണ്ടും ഉണ്ടാകുന്ന ദ്രവ്യം മഞ്ഞുപോലെ വേഗം അലിഞ്ഞുപോകും

*കാര്യം ഇല്ലാത്ത കാര്യങ്ങളിൽ തലയിടരുത്

*മകളോട് അമിതവാത്സല്യം കാണിക്കരുത്

*ലുബ്ധും അതുപോലെ ധൂർത്തും ഒരുപോലെ തിന്മയാണ്

സമ്പാ :  സോബിൻ ദേവസ്യ

## Editorial board

JEEVAN THOMAS

JOEL GEORGEKUTTY

LOYAL P JOSEPH

ROBIN THOMAS

ALLEN THOMAS

LOYAL P JOSEPH

ALAN GIGI

ALBIN SIBICHAN

SIDHARTH S

SREYAS V




# സ്കൂൾ ചരിത്രം

ഇന്ത്യയിൽ ഉടനീളം 1846 മുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ച സഭയാണ് CMI . CMI സഭയുടെ തിരുവനന്തപുരം പ്രോവിൻസിന്റെ കീഴിലാണ് പുളിങ്കുന്നിന്റെയും പരിസര പ്രദേശങ്ങളുടെയും അഭിമാനവും സ്വന്തവുമായ സെന്റ്.ജോസഫ്സ് ഹൈസ്കൂൾ.മാർച്ച് 18,1898 -ൽ സെന്റ്.ജോസഫ്സ് സ്കൂൾ സ്ഥാപിതമായി. തുടക്കത്തിൽ അഞ്ചും ആറും ക്ലാസുകൾ മാത്രമെ ഉണ്ടായിരുന്നുള്ളു പിന്നീട് 1907-ൽ പുതിയ കെട്ടിടം സ്കൂളിനായ് അനുവിച്ചു തുടർന്ന് ആറാം ക്ലാസും 1932-ൽ ഏഴാം ക്ലാസ്സും തുടങ്ങി.പിന്നീട് നമ്മുടെ സെന്റ്.ജോസഫ്സ് ഉയരങ്ങളിലേക്ക് പറക്കുകയായിരുന്നു.1952-ൽ സ്കൗട്ടിന്റെ യൂണിറ്റും 1961-ൽ NCC യൂണിറ്റും ആരംഭം കുറിച്ചു.തുടർന്ന് കുട്ടികളുടെ നേതൃത്വവാസനയും കലാകായിക അഭിരുചിയുംവളർത്തിയെടുക്കുന്നതിനുവേണ്ടി ഇപ്പോഴും തുടരുന്നതുമായ KCSL, സെന്റ് വിൻസന്റ് ഡി.പോൾ സൊസൈറ്റി , വിദ്യാരംഗം കലാസാഹിത്യവേദി,തുടങ്ങിയവയ്ക്കും തുടക്കം കുറിച്ചു. കൂടാതെ ഇപ്പോൾ നമ്മുക്ക് ബാന്റ് സെറ്റ്,റെഡ് ക്രോസ് എന്നിവയും സയൻസ്,കണക്ക്,സാമൂഹ്യ ശാസ്ത്രം, വർക്ക് എക്സ്പീരിയൻസ്,എക്കോ,സ്പോർട്സ്,ക്വിസ് ,ലിറ്റിൽ കൈറ്റ്സ് പോലുള്ള ഐറ്റി ക്ലബ്ബുകളും സ്കൂൾ റേഡിയോയും ഇവിടെ സജീവമായ് പ്രവർത്തിക്കുന്നു. 1974 മുതൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നീന്തൽ മത്സരങ്ങളിൽ നമ്മുടെ സ്കൂളിന്റെ കുട്ടികൾ സമ്മാനർഹരായി.അന്ന് സെന്റ്.ജോസഫ്സിലെ മറ്റൊരു അഭിരുചിയായിരുന്നു വള്ളംകളിയും.1971-ൽ നമ്മുടെ സ്കൂൾ SSLC പരീക്ഷയിൽ ആലപ്പുഴ ജില്ലയിൽ ഏറ്റവും നല്ല വിജയം കരസ്തമാക്കി.99%വിജയം 1989-ൽ സെന്റ് ജോസഫ്സിലെ മിടുക്കർ കരസ്ഥമാക്കി.ജോസഫ് ദേവസ്യ SSLC 1989-ൽ സംസ്ഥാന തലത്തിൽ ആറാം സ്ഥാനം കരസ്ഥമാക്കി.സെന്റ് ജോസ്സിന്റെ ഈ വിജയകുതിപ്പ് ഇപ്പോഴും തുടരുന്നു.അതിന് ഉദാഹരണമാണ് ഈ കഴിഞ്ഞ SSLC പരീക്ഷയിൽ 100% വിജയവും 25 ഫുൾ A+ും129A+ ും . 1999-ൽ സതാബ്ദി വർഷത്തിൽ ഹയർസെക്കണ്ടറി സ്കൂളായും ഉയർത്തപ്പെട്ടു. Kerala scince ക്വിസ്സും basket ball tournament ും കുറിച്ചു .

കുട്ടനാട് വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയങ്ങളിൽ ഒന്നാണ് പുളിങ്കുന്ന് സെന്റ് ജോസഫ്സ് ഹയർസെക്കന്ററി സ്കൂൾ.തുടർന്ന് ഒന്നാം സ്ഥാനത്ത് തുടരും എന്നത് സെന്റ് ജോസഫ്സിന്റെ ഉറപ്പാമ്.

-Dalin.R.David



# പ്രളയം വിഴുങ്ങിയ കേരളം

മഹാപ്രളയം കേരളത്തെ ഒന്നാകെ മുക്കിക്കളഞ്ഞ വർഷമായിരുന്നു 2018.1924-ലെ പ്രളയത്തിനു ശേഷം ഏറ്റവും വലിയ വെള്ളപ്പൊക്കദുരന്തത്തി നാണ് കേരളം സാക്ഷ്യം വഹിച്ചത് ജൂലൈ -ഓഗസ്റ്റ് മാസങ്ങളിൽ തെക്കപടിഞ്ഞാറ് കാലവർഷക്കാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഭലമായാണ് വെള്ളപ്പൊക്കദുരന്തം സംഭവിച്ചത്.അതിശക്തമായ മഴയെതുടർന്ന് മിക്കജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി.അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ ഷട്ടറുകൾ തുറന്നു വിട്ടതിന്റെ ഫലമായി എന്റെ ഗ്രാമമായ പുളിങ്കുന്നിൽ കൂടി ഒഴുകുന്ന പമ്പ നദി കരകവിഞ്ഞ് ഒഴുകിയതിനാൽ ഞങ്ങളുടെ നാട്ടിലും വീടുകളിലും വെള്ളം കയറി എല്ലാവരും പലസ്ഥലങ്ങളിലുള്ള ദുരിതാശ്വാസ ക്യാമ്പുകളിൽ പോയി അവിടെ ജാതിമതഭേതമന്യേ ഒരുമിച്ച് താമസിച്ചു പിന്നീട് കുറേ ദിവസങ്ങൾ കഴിഞ്ഞ് ഈശ്വരാനുഗ്രഹത്താൽ തിരിച്ച് ഞങ്ങളുടെ നാട്ടിൽ തന്നെ എത്തിച്ചേരുവാൻ സാധിച്ചു.

- THOMAS JOSEPH





## വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള (study tips)

എന്തുകൊണ്ടാണ് നാം പിന്നിലാകുന്നത്എന്നതിന്റ ഉത്തരം
തേടലാണ് യഥാർഥ വിജയത്തിലേക്കുള്ള ഏറ്റവും നിർണ്ണായകമായ ആദ്യ മുന്നേറ്റം.
പരീക്ഷയ്ക്ക് മാർക്ക കുറഞ്ഞത് എന്തുകൊണ്ടാണ് ? എന്ന സിനിമയിൽ തത്വികചാര്യനായ
കുമാരപിള്ള എന്ന ശങ്കരാടിയുടെ കഥാപാത്രംപറയുന്ന മറുപടിപോലയാണ്
(വിഘടനവാദികളും പ്രതിക്രിയ.....അങ്ങനെയാണ് നമ്മൾ തോറ്റത്) നാം പലപ്പോഴും മറുപടി
പറയാൻ ആർക്കും ഒന്നും മനസ്സിലാവുന്നില്ല.
എന്തുകൊണ്ടാണ് ഞാൻ പഠനത്തിൽ പിന്നിലാകുന്നത് ?
എന്ന് സ്വയം ഉത്തരം കിട്ടുന്നതുവരെ ചോദിച്ചുകൊണ്ടരിക്കുക. ഇതിൻെറ ഉത്തരം പലപ്പോഴും
വ്യത്യസ്തമായിരിക്കും ഞാൻ പഠനത്തിൽ ഉഴപ്പുന്നു,ക്ലാസ്സിൽ
വെണ്ടത്ര ശ്രദ്ധിക്കുന്നില്ല,ഇത്രയൊക്കെ പഠച്ചാൽ മതി
എന്ന തോന്നൽ ,പരീക്ഷയ്ക്ക് ജയിച്ചാൽ പോര എന്ന ചിന്ത,പഠിക്കുമ്പോൾ ഭയ രക്ഷീണം
പഠിച്ചതെല്ലാം മറന്നുപോകുന്നു...ഇങ്ങനെ നിരവധി കാരണങ്ങൾ. ഈ ബുദ്ധിമുട്ടുകളെ
അതിജീവിച്ച് പഠനം എളുപ്പമാക്കാൻ ചിലവിവരിച്ചുകോട്ടുക്കുന്നത് 10-തവണ ആവർത്തിച്ച്
പഠിക്കുന്ന തിനെക്കാൾ മികച്ചതാണ് (സ്വയമായി പഠിപ്പിക്കുന്നതായി
അഭനയിച്ച്പഠിക്കുന്നതും നല്ലതാണ്

2.പഠിക്കാനിരിക്കുമ്പോൾ ഏറ്റവും എളുപ്പമുള്ളതും ഇഷ്ടമുള്ളതുമായ വിഷയങ്ങൾ ആദ്യം പഠിക്കുക

3.സമയം ക്രമീകരിക്കുക ക്ലാസ്സ് സമയം,ഉറക്കസമയം,ഭഷണം കഴിക്കാനുള്ള സമയം യാത്രാ സമയം കളിക്കാനുള്ള സമയം തുടങ്ങിയവ്ക്ക് സ്തിരമായ സമയം ക്രമീകരിക്കുക.




## ഒരു നല്ല വിദ്യാർത്ഥിയുടെ ഗുണങ്ങൾ

ഒരു വിദ്യാർത്തി തന്റെ വിദ്യാഭ്യാസം പലഘട്ടങ്ങളായാണ് പൂർത്തിയാക്കുന്നത്. ബാല്യകൗമാര യവ്വനങ്ങളിലൂടെ കടന്നുപോകുന്ന ഈ കാലഘട്ടം. അടിസ്ഥാനവിദ്യാഭ്യാസവും സ്വഭാവ രൂപികരണവും സംസ്കാരവും എല്ലാം ആദ്യമായികുട്ടികൾ അഭ്യസിച്ചുതുടങ്ങുന്നത് അവന്റെ വീട്ടിൽ നിന്നുമാണ്.വിദ്യാലയത്തിൽ എത്തുമ്പോൾ അവരിൽ പ്രകടമാകുന്ന സ്വഭാവം ഇത്തരുണത്തിൽ രൂപപ്പെട്ടതായിരിക്കും.

വിദ്യാലയത്തിൽ എത്തുന്നതോടെ കുട്ടികൾ കൂട്ടുകൂടാനും മറ്റുള്ളവരോട് സഹകരിക്കാനും ശീലിച്ചുതുടങ്ങും. ജീവിതത്തിൽ സമയക്രമം പാലിക്കാൻ വിദ്യാലയം അവനെ നിർബന്ധിക്കുന്നു. മുതിർന്നവരേയും അദ്ധ്യാപകരെയും ബഹുമാനിക്കുക,വൃത്തിയായിരിക്കാൻ ശീലിക്കുക, മറ്റുള്ളവരെ പരിഗണിക്കുക,എന്നിവയൊക്കെ ഒരുവിദ്യാർത്ഥി വിദ്ധ്യാലയത്തിൽനിന്ന് സ്വായത്തമാക്കുന്നു

ക്ഷമ നീതിബോധം സൗഹൃദപരമായ മാത്സര്യങ്ങൾ,നേതൃത്വപാടവം ഇവയൊക്കെയും വിദ്യാഭ്യാസത്തിന്റെ നാൾ വഴികളിൽ വിദ്യാർത്ഥി സ്വന്തമാക്കുന്നു .

ഒരു നല്ല വിദ്യാർത്ഥി എപ്പോഴും അറിയാൻ ആഗ്രഹിക്കുന്നവനായിരിക്കണം.എളിമയും വിനയവും നിറഞ്ഞ പെരുമാറ്റം വിദ്യാർത്ഥിയെ മറ്റുള്ളവർക്ക് സ്വീകാര്യനാക്കും.വാക്കിലും പെരുമാറ്റത്തിലും സഭ്യതയും മിതവും ശീലിക്കുക.പ്രതികരണങ്ങളിൽ മിതത്ത്വം സൂക്ഷിക്കുക.ഏൽപ്പിക്കപ്പെടുന്ന ഉത്തരവാദിത്ത്വങ്ങൾ അർപ്പണമനോഭാവത്തോടെ ചെയ്തു തീർക്കുക.ഇത് കൂടുതൽ ഉന്നതിയിലേക്ക് നയിക്കും.അസഹിഷ്ണുതയും അസൂയയും വിദ്യാഭ്യാസ കാലഘട്ടത്തെ കലുഷിതമാകും.

-loyal P joseph

നമ്മൾ ഇന്ന് നേരിടുന്ന ഏറ്റവും വലിയ വിഷയം എന്തെന്നാൽ നല്ല ആഹാരം കഴിക്കുവാൻ സാധിക്കുകയില്ല എന്നുള്ളതാണ്.നാം പാചകം ചെയ്തും അല്ലാതെയും കഴിക്കുന്ന പല ആഹാരപദാർത്ഥങ്ങളും ജൈവ വളം ഉപയോഗിച്ച് ഉൽപ്പാദിപ്പിച്ച് എടുക്കുന്നതല്ല.അമിതലാഭം ഉണ്ടാക്കുന്നതിന് വലിയ തരത്തിൽ വിഷം കലർന്ന വളങ്ങളും,കീടനാശിനികളും ഉപയോഗിച്ചും കൃത്രിമപരമായി ഉൽപ്പാതിപ്പിക്കുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും മറ്റുപലതരത്തിലുള്ള ആഹാര സാധനങ്ങളും വിപണിയിൽ വിറ്റുവരുന്നു.കൂടാതെ മത്സ്യവും മാംസവും കേടുവരാതെ സൂക്ഷിക്കുന്നതിന് വലിയ വിഷം കലർന്ന രാസവസ്തുക്കൾ ചേർത്തുവരുന്നു.അപ്രകാരമുള്ള മത്സ്യവും മാംസവും കൂടാതെ നമ്മുടെ നാവിന് വളരെ രുചി തരുന്ന അജിനാമോട്ടോയും മറ്റും ചേർക്കുന്ന ഹോട്ടൽ ഭക്ഷണങ്ങളും ഫാസ്റ്റ് ഫുഡുകളും നാം നിതേന കഴിച്ചുവരുന്നു. നൻമൂലം നാം ക്യാൻസർ പോലെയുള്ള വലിയ രോഗങ്ങൾക്ക് അ ടിമയാകുകയും

പ്രായമാകാതെ മരിച്ചു പോകുന്നതിന് ഇടവരുന്നതുമാണ്.

ഒരു വിഭാഗം ആൾക്കാരു് അമതമായാ പണം സംബാദിക്കുന്നതിനു വേണ്ടി ചെയതുവരുന്ന ദുഷ്പ്രവ്രത്തികൾ മൂലം നാം ഓരോരുത്തരും പലതരത്തിലുള്ള രോഗങ്ങൾ ബാധിച്ച് വളരെയേറെ കഷ്ടതകളും ദുഖങ്ങളും അനുഭവിച്ച് മരണത്തിന് കീഴടങ്ങേണ്ടിവരുന്നു.

-Anandha Krishnan G B

# നമ്മുടെ രാഷ്ട്രപിതാവ്

മഹാത്മാ ഗാന്ധിയോളം ദീപ്തമായ ഒരു വെളിച്ചവും നാം കണ്ടിട്ടില്ല. അത്രയും മുഴക്കമുള്ള മൊഴിയും അത്രയും കൃത്യതയുള്ള വഴിയും കണ്ടിട്ടില്ല. അത്രയും തെളിമയും എളിമയും ഉള്ള ഒരു ജീവിതവും, തീർച്ചയും മൂർച്ചയും ഉള്ളോരു ദർശനവും നാം ഇതുവരെ അനുഭവിച്ചിട്ടുമില്ല. നമുക്ക് ഗാന്ധിജി ഒരു വ്യക്തിയല്ല. മറിച്ച് കടലാഴമുള്ള ജന്മവും കാലം കവരാത്ത ഓർമ്മപ്പെടുത്തലുമാണ്. മഹാത്മാ ഗാന്ധിയുടെ ജീവിതവും മരണവുമാണ് നമ്മുടെ രാജ്യത്തെ ആത്മബലത്തിലേക്കും സഹനപാഠങ്ങളിലേക്കും കൊണ്ടുപോയത്. ഇന്ത്യ എന്ന മഹാരാജ്യത്തിന്റെ സത്തയെയും ദർശനത്തെയും നമുക്കുണ്ടാവേണ്ട ബഹുസ്വരതയെയും സഹിഷ്ണുതയെയും സഹജാവബോധത്തെയും നിർവചിച്ചത്.

ലളിതമാണ് ഗാന്ധിയൻ ദർശനം; എന്നാൽ അർത്ഥഗാംഭീര്യമുള്ളതും. എന്നും കാലത്തിന് ആഭിമുഖമായി നില്ക്കാനുള്ള ആത്മവിശ്വാസമാണ് സ്വന്തം രാജ്യത്തിന് അദ്ദേഹം നൽകിയത്. ജനസഹസ്രങ്ങൾ ഇന്നും അദ്ദേഹത്തെ ഓർക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല. ഇന്ത്യൻ രാഷ്ട്രീയ വ്യവസ്ഥയെ ജനാധിപത്യത്തിന്റെ അടിത്തറയിൽ കെട്ടിപ്പടുക്കാൻ മഹത്മജി പരിശ്രമിച്ചു. ഭാരതത്തിന്റെ ആത്മാവ് ജീവിക്കുന്നത് ഗ്രാമങ്ങളിലാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഇന്ത്യയിലെ ജനങ്ങളെ മുഴുവൻ സ്വാതന്ത്ര്യസമരത്തിൽ പങ്കാളികളാക്കാൻ കഴിഞ്ഞു എന്നതായിരുന്നു ഗാന്ധിജിയുടെ ഏറ്റവും വലിയ വിജയം. ഭാരതത്തിന്റെ മോചനത്തിനായി അദ്ദേഹം ആവിഷ്കരിച്ച തന്ത്രങ്ങൾ ഒരിടത്തും പരീക്ഷിച്ച് വിജയസാധ്യത നിർണ്ണായിച്ചവയായിരുന്നില്ല. ഗാന്ധിജി പ്രായോഗികമാക്കിയ അഹിംസാ മാർഗ്ഗം ചരിത്രഗതിയെതന്നെ മാറ്റി മറിച്ചുവെന്നതിനു കാലം സാക്ഷ്യം പറയും. അദ്ദേഹം പരീക്ഷിച്ച് വിജയിച്ച സത്യാഗ്രഹം: സഫലമായ ഒരു സമരമാർഗമായി മാറി. സത്യാഗ്രഹം അസമത്വത്തിനും വിവേചനത്തിനും പാരതന്ത്ര്യത്തിനുമെതിരേ ലോകം ഇതു വരെ കണ്ടതിൽ ഏറ്റവും സഫലമായ സമര മാർഗ്ഗമായി മാറുകയും ചെയ്തു.

സംഘർഷ ലഘൂകരണം, നിരായുധീകരണം, ദാരിദ്ര്യനിർമാർജ്ജനം തുടങ്ങി : ലോകം ഇന്ന് തേടുന്ന ലക്ഷ്യങ്ങളിലേയ്ക്കൊക്കെയും ഗാന്ധിയൻ ആശയങ്ങൾ വഴിതുറന്നിട്ടുണ്ട്. പുതിയ സാങ്കേതികവിദ്യകൾ ലോകത്തെ മാറ്റിമറിക്കുന്ന ഡിജിറ്റൽ യുഗത്തിൽ ഗാന്ധിജിയുടെ ആശയങ്ങൾ കാലഹരണപ്പെട്ടതാണെന്നു വാദിക്കുന്നവരുമുണ്ട്. എന്നാൽ സ്വാതന്ത്ര്യസമരത്തിൽ ജനലക്ഷങ്ങളെ പങ്കെടുപ്പിക്കുകയും ഉപ്പ് സത്യാഗ്രഹം പോലെയുള്ള ആശയങ്ങളിലൂടെ സാധരണക്കാരെപ്പോലും ആ പോരാട്ടത്തിൽ ഒന്നിപ്പിക്കുകയും ധർമ്മത്തിന്റെ പാത കാട്ടികൊടുക്കുകയും ചെയ്തു ഗാന്ധിജി പുതിയ ലോകത്തിന്റെയും ആത്മീയഗുരു തന്നെ എന്നതിന് ആ പൂർണ ജീവിതവും ഇന്നും സൗവർണ്ണദ്യുതിയോടെ നിലനിൽക്കുന്ന ഓർമ്മയും തന്നെ അടയാളം.

അവിരാമായ സത്യാന്വേഷണങ്ങളുടേതായിരുന്നു ആ ജീവിതം. വിവിധ മതങ്ങൾ തോളോട് തോൾ ചേർന്ന് കഴിയുന്ന രാജ്യമാണ് തന്റെ സ്വപ്നത്തിലെ ഇന്ത്യ എന്ന് അദ്ദേഹം പറഞ്ഞു. സ്ത്രീക്ക് ഏത് അർദ്ധരാത്രിയിലും വഴിനടക്കാൻ കഴിയുന്ന ഇന്ത്യയാണ് ഗാന്ധിയൻ സ്വപ്നത്തിലുള്ളത്. പരിസരവും ജീവിതവും മനസ്സും മലിനമല്ലാത്തവരുടെ ഇന്ത്യ; രാഷ്ട്രീയവും അധികാരവും സർക്കാരും സാധാരണകാർക്ക് വേണ്ടിയുള്ള ഇന്ത്യ. നാഥുറാം ഗോഡ്സെയുടെ വെടിയുണ്ടയേറ്റ് വീഴുമ്പോഴും രാജ്യസ്നേഹം തെല്ലും കൈവെടിയാതെ കാത്തുസൂക്ഷിച്ച ആ പുണ്യാത്മാവിന് മുൻപിൽ നമുക്ക് തലകുനിക്കാം.

Naveen Sebastian Devasia
Class 10 A

# കാഴ്ചയുണ്ടായിട്ടും കുരുടൻമാർ

പണ്ട് ഒരിക്കൽ അക്ബറും ബീർബലും രാജ്യം സന്ദർശിക്കാൻ പോയി. അപ്പോൾ അക്ബർ ചോദിച്ച :ബീർബൽ, ഈ രാജ്യത്ത് ഏറ്റവും കൂടുതൽ കാഴ്ചയുള്ളവരാണോ അതോ അന്ധരാണോ? അപ്പോൾ ബീർബൽ പറഞ്ഞു: ഒരു സംശയവുമില്ല, തീർച്ചയായും അന്ധമാരാണ് ഉള്ളത്. അപ്പോൾ അക്ബർ പറഞ്ഞു: എന്താടാ തനിക്ക് ഭ്രാന്താണോ? തനിക്ക് അത് തെളിയിക്കൻ കഴിയുമോ? അപ്പോൾ ബീർബൽ പറഞ്ഞു: കഴിയും മഹാരാജവെ. അങ്ങനെ അടുത്ത ദിവസം, അതിരാവിലെ ബീർബൽ കൊട്ടാരത്തിലെക്ക് വന്നില്ല. അപ്പോൾ ബീർബലിനെ തിരകി അക്ബർ അവന്റെ വീട്ടിൽ വന്നു. ബീർബൽ അവിടെ ഒരു തുണി നേയ്തുകൊണ്ട് ഇരിക്കുകയായിരുന്നു. അവിന്റെ കൂടെ ഒരാൾ കൂടി ഉണ്ടായിരുന്നു. അക്ബർ ചോദിച്ച: താൻ എന്താണ് ചെയ്യുന്നത്? അവൻ പറഞ്ഞു: ഞാൻ എന്റെ ഈ തുണി നെയ്യുകയാണ്. അങ്ങനെ ഒരാളും കൂടി വന്നു. അദ്ദേഹം ചോദിച്ച: താങ്കൾ എന്തിനാണ് ഈ തുണി നെയുന്നത്? അപോൾ ബീർബൽ പറഞ്ഞു: ഇത് മൊത്തം കീറിപോയി അപോൾ ബീർബലിന്റെ സഹായി ബീർബലിനോട് ഇങ്ങനെ ചോദിക്കുന്നവരുടെയെല്ലാം പേരുക്കൾ എഴുതിയിരുന്നു. അങ്ങനെ പിറ്റേ ദിവസം ബീർബൽ രാജകൊട്ടാരത്തിൽ ചെന്നിട്ട പറഞ്ഞു: മഹാരാജാവേ, ഞാൻ ഇപോൾ തെളിയിക്കാം ഈ രാജ്യത്തു അന്ധമാരാണോ കാഴ്ചയുള്ളവരാണോ കൂടുതൽ എന്ന്. അപ്പോൾ അക്ബർ പറഞ്ഞു: എങ്കിൽ വേഗം തെളിയിക്കു. അക്ബർ രാജാവിന്റെ കൈയിലെക്ക് രണ്ടു തുണ്ട് പത്രം കൈയിലേയ്ക്ക കൊട്ടുത്തു. അക്ബർ ചോദിച്ച: ഇതെന്താണ്? ഈ രണ്ടിൽ ആദ്യത്തെത് അന്ധമാരുടെ പേരുകൾ ഉള്ളതാണ്. രണ്ടാമത്തേത് കാഴ്ചയുള്ളവരുടെതും. അക്ബർ രാജാവ് അത് മുഴവനം വായിച്ചുനോക്കി. അപോൾ അക്ബർ ചിരിയോടെ ചിരി. എന്താണിതു ബീർബൽ, കാഴ്ചയില്ലാത്തവരുടെ കൂട്ടത്തിൽ എന്റെ പേരും ഉണ്ടല്ലോ? അപോൾ ബീർബൽ പറഞ്ഞു: രാജാവേ, അങ്ങു എന്നോട്ട ചോദിച്ചില്ലേ, നീ എന്താണ് ചെയ്യുന്നത് എന്ന്? അങ്ങേക്കു ഞാൻ എന്താണ് ചെയ്യുന്നത് എന്ന് കാണാമായിരുന്നു. എന്നിട്ടും അവിടുന്നു എന്നോട് ചോദിച്ച. അതാണ് ഞാൻ പറഞ്ഞത് അങ്ങ് അന്ധനാണെന്ന്. ഇപ്പോൾ മനസ്സിലായോ ഈ രാജ്യത്തു അന്ധമാരാണ് കൂടുതൽ ഉള്ളത് എന്ന്?

Prince Augustine

Class 8A

# സ്നേഹമില്ലാത്ത മക്കൾ

ഒരിടത്ത് പാവപ്പെട്ടവരായ ഒരു അച്ഛനും അമ്മയും രണ്ടു മക്കളും താമസിച്ചിരുന്നു. അവരുടെ മക്കളായിരുന്നു അവരുടെ സർവസ്വവും. വളരേ പാടുപെട്ടാണ് അവർ മക്കളെ വളർത്തിയിരുന്നത്. അതിനിടയിൽ മക്കൾക്ക് രണ്ടു പേർക്കും മാറി മാറി എന്തെങ്കിലുംമൊക്കെ അസുഖങ്ങൾ വന്നുകൊണ്ടിരിക്കും. സ്കൂളിൽ വിടാനും അവർ വളരെ അധികം പാട്പെട്ടിരുന്നു. ആദ്യം ആദ്യം അവർ നന്നായി പഠിച്ചിരുന്നു. പിന്നീടങ്ങോട്ട് അവർ ഉഴപ്പാനും തുടങ്ങി. ഒന്നിനും ഒരു ശ്രദ്ധയില്ലാതായി. അതോട് കൂടി ആ അച്ഛനും അമ്മയും വളരെ വിഷമത്തിലായി. അച്ഛനമ്മമാർ പറയുന്നതൊന്നും അവർ അനുസരിക്കാതെയുമായി.

ലാളിച്ചു വളർത്തിയ മക്കൾ തിരിഞ്ഞു കൊത്താൻ തുടങ്ങിയിരിക്കുന്നു. അവർ ആകെ ഭയചകിതരായി. ദൈവമേ ഇനി എന്തു ചെയ്യും, പാലുകൊടുത്ത കൈക്കു തന്നെയാണല്ലോ അവർ തിരിഞ്ഞു കൊത്തുന്നത്. അവർ പിറുപിറുത്തു. നവയുഗ മാധ്യമങ്ങളായ മൊബൈൽ ഫോണും ഇന്റർനെറ്റും, കൂട്ടത്തിൽ തമാശയ്ക്കായി തുടങ്ങിയ മദ്യസേവയും, മയക്കമരുന്നും, കഞ്ചാവ് വലിയും അവരെ മെല്ലെ, മെല്ലെ ചതിയുടെയും വഞ്ചനയുടെയും കിരാത ലോകത്തേയ്ക്ക് നയിച്ചു. തെറ്റും ശരിയും എന്തെന്നും ഏതെന്നും മനസ്സിലാക്കാതെ നാശത്തിന്റ പടുകുഴിയിലേക്ക് അവർ വീണു.

കാലം പിന്നെയും നടന്നു നീങ്ങിക്കൊണ്ടേ ഇരുന്നു. അവരുടെ പൊന്നോമന മക്കൾ വളർന്നു. എന്തു ചെയ്യണമെന്നറിയാതെ ആ അച്ഛനമ്മമാരുടെ ഹൃദയം പിടഞ്ഞു. അങ്ങനെ ഇരിക്കേ ഒരു ദിവസം ആ മക്കൾ കഞ്ചാവ് കേസിൽ പിടിക്കപ്പെട്ടു. ആ വിവരമറിഞ്ഞ മാതാപിതാക്കളുടെ ഹൃദയം വേദന കൊണ്ട് പിടഞ്ഞു. അവരെ കാണാനായി ആ അച്ഛനമ്മമാർ അവിടെ ഓടി എത്തി. മക്കൾ ഏതാപത്തിൽ പെട്ടാലും അവരെ വന്നു കാണാതിരിക്കാൻ മാതാപിതാക്കൾക്ക് സാധിക്കുകയില്ല. അങ്ങനെ അവർ അവിടെ ഓടി എത്തി. ഇവരെ രക്ഷിക്കണം എങ്കിൽ നിങ്ങൾ രണ്ടു ലക്ഷം രൂപ പിഴ അടക്കണമെന്ന് ആ ഉദ്യോഗസ്ഥൻ പറഞ്ഞു. അവരുടെ സർവ്വ സ്വർണ്ണവും പണവും എല്ലാം കൊടുത്ത് ; അവരെ പുറത്തിറക്കി. അത് കഴിഞ്ഞ ശേഷം അവർ മാതാപിതാക്കളോടൊപ്പം സന്തോഷമായി ജീവിച്ചു.

കൂട്ടുകാരെ, നമ്മുടെ മാതാപിതാക്കൾ നമ്മെ ശിക്ഷിക്കുന്നതും, വഴക്ക് പറയുന്നതും നമ്മുടെ നന്മയ്ക്കു വേണ്ടിയാണെന്ന് മനസ്സിലാക്കുക. മാതാപിതാക്കളെ സ്നേഹിക്കൂ..... നാളത്തെ താരം നിങ്ങളാവൂ..... എന്ന് ആശംസിച്ചുകൊണ്ട്, നിർത്തുന്നു.

സ്നേഹപൂർവ്വം

Goutham Krishna V

# TRAVELOGUE TRIP TO BANGALORE



I am excited about go to Bangalore for the first time in the plane. When my family were reached in Cochin International Airport . I am very excited what's in the airport. When I enter it was so big and first of all they were lots of checking and when I entered the plane. My heart beat becomes high by the way of happiness. But the flight is delay for 30 min. So I waited when the flight is going to take off. I am crying at that time. To reach Bangalore it will take 1\2hrs of time. When the plane is go to land that time I am crying when I enter the Bangalore airport. It was even bigger than Cochin Airport. Then we came out from airport and we call a taxi and go to my cousin's house. This my first experience in the flight.

Madhav suresh

8A

# അമ്മയെ തേടി ഒരു യാത്ര

ഒരിടത്തൊരിടത്ത് ഒരു സുന്ദരി കിളിയുണ്ടായിരുന്നു.ഒരു ദിവസം കിളി ഒരു കുഞ്ഞു കൂടുണ്ടാക്കി.എന്നിട്ട് അതിൽ ഒരു മുട്ടയിട്ടു.ദിവസങ്ങൾ കടന്നുപോയി.ഒരു ദിവസം അമ്മക്കിളി തീറ്റ തേടി പുറത്തു പോയി അപ്പോൾ എന്തു സംഭവിച്ചെന്നോ ആ കുഞ്ഞു മുട്ട വിരിയാൻ തുടങ്ങി.ഒടുവിൽ
മുട്ടയിൽ നിന്നും ഒരു സുന്ദരൻ കുഞ്ഞിക്കിളി പുറത്തു വന്നു കീയോം കീയോം
അമ്മേ...അമ്മേ...കുഞ്ഞിക്കിളി ചുറ്റും നോക്കി.അവിടെങ്ങും അമ്മയെ കാണാനില്ല.കുഞ്ഞിക്കിളി എന്തു ചെയ്തെന്നോ?പതുകെ കൂട്ടിൽ നിന്നും പുറത്തു കടന്നു എന്നിട്ട് തത്തി തത്തി മരത്തിലൂടെ താഴെയിറങ്ങി അമ്മയെ തേടി മുന്നോ നടന്നു കുറച്ചു ദൂരം നടന്നപ്പോൾ അതാ വരുന്നു ഒരാൾ ഇതായിരിക്കും എൻെറ അമ്മ.കുഞ്ഞിക്കിളി ചിന്തിച്ചു അതേയ് ഒന്നു നിൽക്കണേ.നിങ്ങളെൻെറ അമ്മയാണോ?കുഞ്ഞിക്കിളി ചോദിച്ചു.ആ വന്നതൊരു പൂച്ചയായിരുന്നു ഌാവൂ...ഌാവൂ.ഞാൻ നിൻെറ അമ്മയൊന്നുമല്ല പൂച്ച പറഞ്ഞു.കുഞ്ഞിക്കിളി വീണ്ടും മുന്നോട്ടു നടന്നു അപ്പോൾ അതാ വരുന്നു ഒരു കോഴി ,എന്റെ അമ്മ നിങ്ങളല്ലേ?..കുഞ്ഞിക്കിളി കോഴിയോടു ചോതിച്ചു കൊക്കരക്കോ...ഞാനല്ല നിന്റെ അമ്മ
അതു പറഞ്ഞ് കോഴി ഒറ്റപ്പോക്ക് കുഞ്ഞിക്കിളി പിന്നെയും മുന്നോട്ട് നടന്നു.
കുറച്ചുകഴിഞ്ഞപ്പോൾ അവൻ ഒരു നായയെ കണ്ടു.കുഞ്ഞിക്കിളി ചോദ്യം
ആവർത്തിച്ചു.ബൗ...ബൗ...... കുഞ്ഞിക്കിളി ഞാൻ നിന്റെ അമ്മയല്ല നായ പറഞ്ഞു.എന്നാലും എന്റെ അമ്മ എവിടെപ്പോയി?കുഞ്ഞിക്കിളി ചിന്തിച്ചു .അവൻ നടന്നു പോകുമ്പോൾ അതാ കൊമ്പും കുലുക്കി വരുന്നു ഒരു പശുവമ്മ.
അവൻ പശുവമ്മയോടും ചോദിച്ചു തന്റെ അമ്മയാണോ എന്ന്
പശു പറഞ്ഞു ഞാൻ നിന്റെ അമ്മയല്ല.കുഞ്ഞിക്കിളി നിരാശയോടെ മുന്നോട്ടു നടന്നു.പോകുന്ന വഴിക്ക് അവൻ കാറും,ബോട്ടും,വിമാനവും ഒക്കേ കണ്ടു.അവയോടും കുഞ്ഞിക്കിളി തന്റെ അമ്മയാണോ എന്നു ചോദിച്ചു .എന്നാൽ
അവ ഉത്തരമൊന്നും പറഞ്ഞില്ല.പാവം കുഞ്ഞിക്കിളിക്ക് ആകെ സങ്കടമായി.അവൻ മെല്ല മുന്നോട്ടു നടന്നു.അപ്പോഴത് അവിടെയൊരു മണ്ണുമാന്തിയെന്ത്രം എന്റെ അമ്മ കുഞ്ഞിക്കിളി ഉറപ്പിച്ചു അവൻ ഓടിച്ചെന്ന് മണ്ണുമാന്തിയെന്ത്രത്തിന്റെ പല്ലുകളിൽ കയറിയിരുന്നു പെട്ടെന്നു മണ്ണുമാന്തിയെന്ത്രം ടർർ....എന്നൊരു ശബ്ദമുണ്ടാക്കി.കുഞ്ഞിക്കിളി ആകേ പേടിച്ചു
പോയി.അയോ ഇത് എന്റെ അമ്മയല്ലേ.....എനിക്ക് അമ്മേ കാണണേ....കുഞ്ഞിക്കിളി കരയാൻ തുടങ്ങി.അപ്പോൾ എന്തു സംഭവിച്ചെന്നോ?മണ്ണുമാന്തിയെന്ത്രം പതുക്കെ മുന്നോട്ടു നീങ്ങാൻ തുടങ്ങി കുഞ്ഞിക്കിളി പേടിച്ചുവിറച്ചു ഇരുന്നു എന്നാൽ മണ്ണുമാന്തിയെന്ത്രം കുഞ്ഞിക്കിളിയെ കൂട്ടിൽ കൊണ്ടുചെന്നു വച്ചു ഹോ!രക്ഷപ്പെട്ടു കുഞ്ഞിക്കിളിക്ക് സമാധാനമായി.അല്പം കഴിഞ്ഞപ്പോൾ അമ്മക്കിളി തീറ്റയുമായി വന്നു.ഹായ് എന്റെ അമ്മ വന്നേ....കുഞ്ഞിക്കിളി

## **FOOTBALL**

Football game is very useful to all of us if played regularly. It benefits us in many ways. It is an interesting outdoor game played by two teams having 11 players in each. It is a game of good physical exercise. It teaches players about harmony, discipline and sportsmanship. It is a popular game all over the world and played for years in various cities and towns of many countries.

## ORIGIN OF FOOTBALL GAME

Historically, the football game has been 700-800 years old however became the world's favorite game for more than 100 years. It was brought to the British by the Rome. It was first started playing in England in 1863. Football association was formed in England as the first governing body to govern this sport. Earlier, people were playing it simply by kicking the ball with their foot which later became an interesting game. Slowly, this game got much popularity and started to be played with rules on a regular field which marked by the boundary line and center line. It is not an expensive and also called as soccer. The laws of this game were originally arranged in a systematic code by the football Association England in 1863 which is governed internationally by the FIFA . It organizes the FIFA world cup after every four years

## RULES OF PLAYING FOOTBALL

Rules of playing the football game are officially called the Laws of the Game. There are almost 17 rules of playing this game under two terms.

- It is played in a rectangular field with two long side (touch line) and two shorter side (goal line). It is played in a field divided by halfway line.
- Football must be round in share (made of leather) with 68-70$_{cm}$ in circumference and filled with air
- It has two teams of 11 players in each. once can not start this game if any team has less than 7 Players.
- There should be a referee and 2 assistant referee to ensure the Laws of game.
- This game is of 90 minutes duration with 2 halves of 45 minutes each.
- A ball becomes in play all time however becomes out of play whenever a team has scored a goal or referee has stopped the game.
- There is a goal kick to restart the play after a goal is scored.

How to Play Food ball Game

Food ball is a popular game which keeps players healthy and dicipline. It develop their mind and team spirit and sence of tolerance among them. It is a game played for 90 minutes. Players have to kick a ball with their foot and take a goal by putting ball into the goal post of the opponent team. In order to oppose the goal made by players of opponent team, there is a goal keeper on each side. One player is allowed to touch the ball with hand except the goal keeper. A team having more goals got declared as by putting ball into the goal post of the opponent team. All the players are warned to strictly follow the rules while playing this game.


Football is a nice game which benefits a player in various aspects like physically,mentally, socially, intellectually and financially. It makes a player to make a unique reputation in the society on national level.

Akshy P Biju

# വൈക്കം മുഹമ്മദ് ബഷീർ

1908 ജനുവരി 19 ന് വൈക്കം താലൂക്കിൽ തലയോലപ്പറമ്പിലായിരുന്നു വൈക്കം മുഹമ്മദ് ബഷീറിന്റെ ജനനം. തലയോലപ്പറമ്പിലുള്ള മലയാളം സ്കൂളിലും വൈക്കം ഇംഗ്ലീഷ് മീഡിയം സ്കൂളിലുമാണ് അദ്ദേഹം പഠിച്ചിരുന്നത്. തുടർന്നുള്ള കാലഘട്ടങ്ങളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേരുകയും സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗം ആവുകയും തുടർന്ന് കോഴിക്കോട് നടന്ന ഉപ്പ് സത്യാഗ്രഹത്തിൽ പങ്കുചേരുകയും ചെയ്തു. അന്ന് മുതൽക്കേ ഒരു സ്വാതന്ത്ര്യ സമര പോരാളി ആയിരുന്നു അദ്ദേഹം. അതിന്റെ ഫലമായി മർദ്ദനത്തിനിരയാകുകയും,ജയിൽ ശിക്ഷ അനുഭവിക്കുകയും ചെയ്തു. പത്തു വർഷത്തോളം അദ്ദേഹം ഇന്ത്യ ഒട്ടാകെ സഞ്ചരിച്ചു. ``ബേപ്പൂർ സുൽത്താൻ ´´ എന്ന അപര നാമത്തിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. മലയാള നോവലിസ്റ്റും കഥാകൃത്തുമായിരുന്നു അദ്ദേഹം.

വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രകൃതി ബോധം, വ്യക്തികളുടെ പ്രകൃതി സ്നേഹം തലമുറകളിലൂടെ തുടരണമെന്ന് അദ്ദേഹം ആഗ്രഹിച്ചു അതിനായി ഒരുപാട് കഥകൾ രചിച്ചിട്ടുണ്ട് ഓർമകുറിപ്പ്, വിഡ്ഢികളുടെ സ്വർഗം, പാവപ്പെട്ടവരുടെ വേശ്യ, വിശ്വവിഖ്യാതമായ മൂക്ക്, വിശപ്പ്, ആനപ്പൂട, ഒരു ഭഗവത്ഗീതയും കുറേ മൂലകളും ചിരിക്കുന്ന മരപ്പാവ ഭൂമിയുടെ അവകാശികൾ, ശിങ്കിടിമുങ്കൻ, സ്വാതന്ത്ര്യ സമര കഥകൾ, ജന്മദിനം, നേതാവ് എന്നിവയാണ് ബഷീറിന്റെ പ്രധാന കൃതികൾ. പ്രേമലേഖനം, ബാല്യകാല സഖി, ശബ്ദങ്ങൾ,



ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, മരണത്തിന്റെ നിഴലിൽ, സ്ഥലത്തെ പ്രധാന ദിവ്യൻ, ആനവാരിയും പൊൻകുരിശും, പാത്തുമ്മയുടെ ആട്, മതിലുകൾ, താരാസ്പെഷ്യൻസ്, മാന്ത്രികപ്പൂച്ച, മുച്ചീട്ടു കളിക്കാരന്റെ മകൾ, അനുരാഗത്തിന്റെ ദിനങ്ങൾ എന്നിവയിൽ ബാല്യകാല സഖി, പാത്തുമ്മയുടെ ആട് എന്നീ കൃതികൾ ഇന്ത്യയിലെ പ്രധാന ഭാഷകളിലെല്ലാം തർജ്ജമ ചെയ്ത് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പൂവൻ പഴം ഉൾപ്പെടെ 16 കഥകളുടെ ഒരു സമാഹാരവും ഓറിയെന്റ ലോങ് മാൻ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചു, സാഹിത്യ അക്കാദമിയുടെയും കേരള സാഹിത്യ അക്കാദമിയുടെയും ഫെല്ലോഷിപ്പ് ലഭിച്ചിട്ടുണ്ട്. ഇന്ത്യ ഗവണ്മെന്റ് പത്മശ്രീ നൽകി ആദരിച്ചു. 1994 ജൂലൈ 5 ന് നിര്യതനായി.

Jinat Joseph
8c

## കേരളീയരുടെ ദേശീയോത്സവമായതും അതുകൊണ്ടുകൂടിയാണല്ലോ

സ്വാതന്ത്ര്യാനന്തരം 1956 -ലെ സംസ്ഥാനപുനഃസംഘടനാനിയമപ്രകാരം ഭാഷാടിസ്ഥാനത്തി-ൽ 1956 നവംബർ 1 ന് മലബാറും തിരുവിതാംകൂറും കൊച്ചിയും ചേർത്ത് ഐക്യകേരളം രൂപീകരിച്ചു സ്വതന്ത്ര്യലബ്ധിക്കാലത്ത്തിരുവിതാംകൂറും കൊച്ചിയും നാട്ടുരാജ്യങ്ങളായിരുന്നു. മലബാർ ബ്രിട്ടീഷ് ഭ

കേരളീയരുടെ ദേശീയോത്സവമായതും അതുകൊണ്ടുകൂടിയാണല്ലോ

സ്വാതന്ത്ര്യാനന്തരം 1956 -ലെ സംസ്ഥാനപുനഃസംഘടനാനിയമപ്രകാരം ഭാഷാടിസ്ഥാനത്തി-ൽ 1956 നവംബർ 1 ന് മലബാറും തിരുവിതാംകൂറും കൊച്ചിയും ചേർത്ത് ഐക്യകേരളം രൂപീകരിച്ചു സ്വതന്ത്ര്യലബ്ധിക്കാലത്ത്തിരുവിതാംകൂറും കൊച്ചിയും നാട്ടുരാജ്യങ്ങളായിരുന്നു. മലബാർ ബ്രിട്ടീഷ് ഭരണത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തി

ല്ലം. ഐക്യകേരളത്തിന്റെ മുഖ്യമന്ത്രിയായ് പട്ടം താണുപിള്ള സ്ഥാനമേറ്റു.1957 മാർച്ചിലെ ആദ്യപൊതുതെരഞ്ഞെടുപ്പിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായി സർവ്വത്രികവിദ്യഭ്യാസം, പൊതുജനരോഗ്യം തുടങ്ങി വിവിധമേഖലകളിൽ 'കേരളമോഡൽ' ഭാരതത്തിനൊട്ടാകെ മാത്രകയായിട്ടുണ്ട്. ര്ഷ്ട്രപതി കെ.ആർ.നാരായണൻ ഉൾപ്പെടെ ഒട്ടേറെ മലയാളികൾ ദേശവിദേശങ്ങൾ കേരളനാടിന്റെ

' ദൈവത്തിന്റെ സ്വന്തം നാട് ' എന്നാണ്

ടൂറിസം കേരളത്തെ വിശേഷിപ്പിക്കുന്നത് .കഥകളിയും ചീനവലയും ആയുർവേദവുമൊക്കെ കേരളത്തന്റെ തനിമ വിളിച്ചോകുന്നു.കേരളപ്പിറവി ദിനത്തിൽ മലയാള ഭാഷാസംരക്ഷണപരിപാടികളും നടത്താറുണ്ട് .കേരള ജനതയുടെയിടയിൽ വ്യപകമായ അലസതയും അഴിമതിയും

ഉപഭോഗസംസ്കാരവുമൊക്കെ തുടച്ചുമാറ്റി,സന്തുഷ്ടവും സാമൂഹ്യജീവിതവും ഉറപ്പുവരുത്താനുള്ള കർമ്മപരിപാടികളാണ് നമുക്ക് അത്യാവശ്യം.

POEM

NATURE

How beautiful is the nature.
with the sky, trees, birds and the land
How wonderful it is
Trees reaching the sky
Cotton like sky, s
Birds flying up in the sky
Sun shining like a flare
We living on the land
What wonderful it Is.

Joyel. E.Glen

Night Time

when the sun sets
When the moon rises
Thy sky filled with stars
The time aiming bed
This time is called the being night

Joyel.E.Glen

Childhood

How wonderful was my childhood
I wish I could be with my my childhood
It whas the time when I was innocent
Just with the world of toys
I had no sorrows
My childhood will not come back
I miss my childhood

Joyel.E.Glen

ESSAY

SHOULD PLASTICS BE BANNED?

Plastic is the main problem affecting the earth nowadays. Each and everyone depends on plastic everyday. According to our generation a day without plastic is impossible. Plastic is really dangerous. Do you know how much living creatures are dying because of plastic. Animals eating plastics are dying. When we throw plastics into water bodies it causes water pollution. It leads to death of many marine creatures. The toxic released by plastic is very dangerous. Instead of plastics lets use other materials like papers . Our earth is being destroyed every day because of plastics. Lets reduce the use of plastics. Lets have a good healthy generation.

Joyel. E.Glen

***Essay***

*childhood*

Each and everyone of we had a childhood. Childhood is
the first stage of life .it is part of life there is no worries
or tension. Childhood is the time which we have purest heart



കൈലാസ്, അഖിൽ എന്നിവർക്ക് 24 മാർക്ക് വീതം ഗ്രേസ് മാർക്കായി ലഭിച്ചു. ഡൽഹിയിൽ നടന്ന നാഷണൽ സ്കൂൾ ഗെയിംസിൽ കേരള ടീം അംഗമായിരുന്ന അർജുൻ യു 60 മാർക്ക് ഗ്രേസ് മാർക്കായി നേടി.

സബ്ജില്ല, ജില്ല കലോത്സവങ്ങളിലും മികവാർന്ന പ്രകടനം കാഴ്ചവെക്കുവാൻ നമ്മുടെ വിദ്യാർത്ഥികൾക്കു സാധിച്ചു. N C C കേഡറ്റുകളായ ജെറിൻ എസ്, അലൻ കെ റെന്നി, അമൽ അലക്സാണ്ടർ എന്നിവർക്ക് ഗ്രേസ് മാർക്കായി 60 മാർക്ക് ലഭിച്ചു.



## അക്കാദമിക രംഗം

ഈ വർഷം 199 വിദ്യാർഥികൾ S S L C പരീക്ഷയ്ക്ക് തയാറെടുക്കുന്നു. ഈ വിദ്യാർഥികൾക്ക് ജൂൺ മാസം മുതൽ തന്നെ രാവിലെ 9.15 മുതൽ 10 മണി വരെയും വൈകുന്നേരം 4 മണി മുതൽ 4.45 വരെയും അധിക പരിശീലനം നൽകിവരുന്നു. ജനുവരി മാസം മുതൽ 8.30 a.m ന് ആരംഭിക്കുന്ന അധ്യയനം വൈകുന്നേരം 4.45 വരെ നീളുന്നു. തുടർന്ന് 6.30 വരെ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്കു വേണ്ടി നൈറ്റ് ക്ലാസ്സും വേണ്ടി പ്രത്യേക പരീക്ഷകളും നടത്തി വരുന്നു. USS സ്കോളർഷിപ്പ് പരീക്ഷകൾക്കായി 32 കുട്ടികൾക്ക് പരിശീലനം നൽകുന്നു. 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിൽ പഠനത്തിൽ പിന്നോക്കം നില്ക്കുന്നവർക്കായി നിരവധി പരിശീലന പരിപാടികൾ നല്കിവരുന്നു. പ്രളയത്തെത്തുടർന്നുണ്ടായ അധ്യയന നഷ്ടം പരിഹരിക്കുന്നതിന് രണ്ടാം ടേമിൽ എല്ലാ ദിവസവും 9 മണിമുതലും എല്ലാ ശനിയാഴ്ചകളിലും മുഴുവൻ സമയവും ക്ലാസ്സുകൾ സംഘടിപ്പിച്ചു.



## ഗവൺമെന്റ് പദ്ധതികൾ

SSA യുടെയും RMSA യുടെയും ആഭിമുഖ്യത്തിൽ നിരവധി പദ്ധതികൾ സ്കൂൾ SRG യുടെ മേൽനോട്ടത്തിൽ നടപ്പിലാക്കി. ഹൈസ്കൂൾ വിഭാഗം SRG കൺവീനറായി ശ്രീ. ജിബി എം.ജെയും യു.പി വിഭാഗം കൺവീനറായി ശ്രീമതി. മിനിമോൾ ജോസഫും പ്രവർത്തിക്കുന്നു. 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളുടെ പഠനനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഗവൺമെന്റ് ആരംഭിച്ച 'ശ്രദ്ധ' പദ്ധതി ഈ വർഷവും നമ്മുടെ സ്കൂളിൽ സുഗമമായി നടന്നു വരുന്നു. യു.പി ഹൈസ്ക്കൂൾ എന്നീ വിഭാഗങ്ങളിലായി നടക്കുന്ന പ്രത്യേക പരിശീലന പരിപാടി രാവിലെ 9 മുതൽ 9.50 വരെയും വൈകുന്നേരങ്ങളിൽ 3.50 മുതൽ 4.30 വരെയും നടത്തുന്നു.



കുട്ടികളുടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ഗവൺമെന്റ് ആവിഷ്ക്കരിച്ച പദ്ധതികളാണ് മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി എന്നിവ. മലയാള ഭാഷയിൽ തിളങ്ങാൻ വിദ്യാർത്ഥികളെ സഹായിക്കുന്ന മലയാളത്തിളക്കം യു.പി ഹൈസ്ക്കൂൾ വിദ്യാർഥികൾക്കായി നടത്തി. 8 ദിവസങ്ങളിലേയ്ക്കുള്ള പ്രത്യേക മൊഡ്യൂൾ അനുസരിച്ച് നടത്തിയ ക്ലാസ്സുകൾ കുട്ടികൾക്ക് രസകരവും പ്രയോജനപ്രദവുമായിരുന്നു. രാഷ്ട്രഭാഷ അനായാസം കൈകാര്യം ചെയ്യുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനുവേണ്ടി യു.പി വിദ്യാർഥികൾക്കായി സംഘടിപ്പിച്ച, പ്രത്യേക പരിശീലനമാണ് 'സുരീലി ഹിന്ദി' ലോകഭാഷയായ ഇംഗ്ലീഷിൽ അഭിരുചി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ യു.പി വിദ്യാർഥികൾക്കായി നടത്തിയ പരിശീലന പദ്ധതി 'ഹലോ ഇംഗ്ലീഷ്' വിജയകരമായി പൂർത്തീകരിക്കുവാൻ സാധിച്ചു.

കുട്ടികളുടെ പ്രശ്നങ്ങൾ രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും സാന്നിദ്ധ്യത്തിൽ പറയാനും പരിഹരിക്കാനുമൊരിടം എന്ന ലക്ഷ്യത്തോടെ ലീഗൽ സർവീസ് അതോറിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച 'SPACE'ന്റെ പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയത്തിൽ സുഗമമായി നടന്നു വരുന്നു. സോഷ്യൽ സയൻസ് അധ്യാപകൻ ശ്രീ. ടോമി എബ്രഹാം രക്ഷിതാക്കളുടെ പ്രതിനിധി ശ്രീമതി. ഗിരിജ സുരേഷ് എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു.



വിവരവിനിമയ സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകളിൽ വിദ്യാർഥികൾ പ്രാവീണ്യംനേടുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'ലിറ്റിൽ കൈറ്റ്സി'ന്റെ പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയത്തിൽ സജീവമായിനടന്നു വരുന്നു. ശ്രീമതി. കൊച്ചുറാണി ജോസഫ്, ശ്രീ റ്റോണി ആഗസ്തി എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു.

പ്രളയം മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് പുസ്തകങ്ങൾ, മറ്റ് അവശ്യസാധനങ്ങൾ എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് എത്തിച്ചുകൊടുക്കുന്നതിനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളോട് സഹകരിച്ചു പ്രവർത്തിക്കുവാൻ നമുക്കു സാധിച്ചു. കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് കേന്ദ്രഗവൺമെന്റ് നല്കിയ ഭക്ഷണപദാർത്ഥങ്ങളും പാൽപ്പൊടിയും വിദ്യാർത്ഥികൾക്കു വിതരണം ചെയ്തു.

5 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് എല്ലാ ദിവസവും സ്വാദിഷ്ഠവും പോഷകസമൃദ്ധവുമായ ഉച്ചഭക്ഷണം നല്കിവരുന്നു. ശ്രീമതി ജെസ്സമ്മ തോമസ്, ശ്രീമതി പ്രിയ മാത്യു, ശ്രീമതി. സെസ്സിമോൾ ഈപ്പൻ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു.



ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് ഗവൺമെന്റു നൽകുന്ന എല്ലാ സേവനങ്ങളും നമ്മുടെ വിദ്യാർഥികൾക്കു ലഭിക്കുന്നതിനുവേണ്ട സഹായം വിദ്യാലയം ഉറപ്പുവരുത്തുന്നു. കുട്ടികളിൽ മൂല്യബോധവും ധാർമ്മിക ചിന്തയും വളർത്തുക എന്ന ലക്ഷ്യത്തോടെ വെള്ളിയാഴ്ചകളിൽ മോറൽ ക്ലാസ്സുകൾ നടത്തുന്നു.





## കലാരംഗം

കുട്ടികളുടെ കലാപരമായ കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വെള്ളിയാഴ്ചകളിൽ അവസാന പീര്യഡ് കലാപഠനത്തിനായി നീക്കിവെച്ചിരിക്കുന്നു. സ്കൂൾ തലത്തിൽ കലോത്സവം നടത്തി പ്രതിഭകളെ കണ്ടെത്തി പ്രത്യേക പരിശീലനം നല്കി സബ്ജില്ലാ കലോത്സവത്തിൽ പങ്കെടുപ്പിക്കുന്നു. ശ്രീ. അനിൽ മാത്യു, ശ്രീമതി. സെസ്സിമോൾ ഈപ്പൻ, സി. മേബിൾ സി.എം.സി എന്നിവരുടെ നേതൃത്വം കലോത്സവ വേദിയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനു കുട്ടികളെ പ്രാപ്തരാക്കുന്നു.



## കായികരംഗം

കായികാധ്യാപകനായ ശ്രീ. ജേക്കബ് മാത്യുവിന്റെ നേതൃത്വത്തിൽ വൈകുന്നേരം 4 മണി മുതൽ 6 മണി വരെ അത്‌ലറ്റിക്സ്, ബാസ്ക്കറ്റ്ബോൾ, വോളിബോൾ, നീന്തൽ എന്നീ ഇനങ്ങളിൽ പ്രത്യേക പരിശീലനം നല്കിവരുന്നു. വെള്ളിയാഴ്ചകളിൽ നടത്തുന്ന പ്രത്യേക അസംബ്ലിയിലെ മാസ്ഡ്രിൽ കുട്ടികൾക്ക് ഉണർവും ഉന്മേഷവും നല്കുന്നു.



## സ്കൂൾ ലൈബ്രറി

മനുഷ്യവംശം നൂറ്റാണ്ടുകളായി ആർജ്ജിച്ച വിജ്ഞാന സമ്പത്തിന്റെ അക്ഷയഖനികളാണ് പുസ്തകങ്ങൾ. വിപുലമായ പുസ്തകശേഖരമുള്ള ഒരു ലൈബ്രറിയാണ് നമ്മുടേത്. വായനാദിനത്തോടനുബന്ധിച്ച് ഈ വർഷത്തെ പുസ്തക വിതരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നടന്നു. ക്ലാസ്സ്റൂം ലൈബ്രറിയിലൂടെ കൂടുതൽ പുസ്തകങ്ങൾ വായിക്കാൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നു. പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവ റീഡിംഗ് റൂമിൽ ലഭ്യമാണ്. ശ്രീമതി വിജിമോൾ സേവ്യർ സ്കൂൾ ലൈബ്രറിയുടെ ചുമതല വഹിക്കുന്നു.



## സ്കൂൾ പാർലമെന്റ്

പൊതുവിദ്യാഭ്യാസ വകുപ്പ് സ്കൂളുകളിൽ നടപ്പിലാക്കുന്ന 'സ്കൂൾ പാർലമെന്റ്' കുട്ടികളിൽ പൗരബോധവും ജനാധിപത്യബോധവും വളർത്താൻ ഏറെ സഹായിക്കുന്നു. ക്ലാസ്സടിസ്ഥാനത്തിൽ സ്കൂൾ പാർലമെന്റ് അംഗങ്ങളെ തെരഞ്ഞെടുത്തു. സ്കൂൾ പ്രധാനമന്ത്രിയായി ജെബിൻ ജോസഫ് തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. ഷാജി തോമസ് സ്കൂൾ പാർലമെന്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു.

# ക്ലബ്ബുകൾ, സംഘടനകൾ

## ജൈവ വൈവിധ്യ ക്ലബ്ബ്

പ്രകൃതിയോട് ഇണങ്ങി ജീവിക്കുവാനുള്ള പരിശീലനം നേടുക എന്നത് വിദ്യാഭ്യാസ ലക്ഷ്യങ്ങളിൽ ഏറെ പ്രധാനപ്പെട്ടതാണ്. മനുഷ്യന്റെ നിലനിൽപ്പിന് ജീവജാലങ്ങൾ പ്രധാനപ്പെട്ടതാണ് എന്ന തിരിച്ചറിവ് നൽകുകയാണ് ജൈവ വൈവിദ്യ ക്ലബ്ബിന്റെ ലക്ഷ്യം. പരിസ്ഥിതി പ്രശ്നങ്ങൾ കുട്ടികൾ തന്നെ അന്വേഷിച്ച് കണ്ടെത്തുകയും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താൻ പഠിക്കുകയുമാണ് പ്രവർത്തന രീതി. ശ്രീമതി. മഞ്ചു ജോസഫ് ക്ലബ്ബ് കൺവീനറായി പ്രവർത്തിക്കുന്നു.

## ഗണിത ശാസ്ത്ര ക്ലബ്ബ്

കുട്ടികളിൽ ഗണിതശാസ്ത്ര അഭിരുചി വളർത്തുന്നതിന് ഗണിത ശാസ്ത്ര ക്ലബ്ബ് സഹായിക്കുന്നു. ഇതിന്റെ ചുമതല ശ്രീമതി. കൊച്ചുറാണി ജോസഫ്, ശ്രീമതി ആൻസമ്മ പി.ജെ എന്നിവർക്കാണ്. ഗണിത ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂൾതലത്തിൽ ക്വിസ് മത്സരം, ചെസ്സ് മത്സരം, ഗണിതശാസ്ത്രമേള എന്നിവ സംഘടിപ്പിക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾക്ക് പ്രത്യേക പരിശീലനം നൽകി സബ്ജില്ലാ, ജില്ലാ മേളകളിൽ പങ്കെടുക്കുകയും അഭിമാനാർഹമായ വിജയം കൈവരിക്കുകയും ചെയ്യുന്നു.

## വിദ്യാരംഗം - കലാസാഹിത്യവേദി

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സർഗ്ഗാത്മകവിഭാഗമായ വിദ്യാരംഗം കലാസാഹിത്യവേദി നമ്മുടെ സ്കൂളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. കേവലമായ മത്സരങ്ങൾക്കപ്പുറം കലാ സാഹിത്യങ്ങളും ആസ്വാദനവും പരിശീലനവും അവതരണവും നടത്തുന്നതിൽ സാഹിത്യവേദി സഹായിക്കുന്നു. ശ്രീമതി. അല്ലി ട്രീസ ജോർജ്ജ്, ശ്രീമതി. സിമി മാത്യു എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

## സയൻസ് ക്ലബ്ബ്

കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുക എന്ന ലക്ഷ്യത്തോടെ സയൻസ് ക്ലബ്ബ് പ്രവർത്തിക്കുന്നു. ബന്ധപ്പെട്ട ദിനാചരണങ്ങൾ, സ്കൂൾതല മേളകൾ എന്നിവയ്ക്ക് സയൻസ് ക്ലബ്ബ് നേതൃത്വം നൽകുന്നു. ശ്രീമതി. സജിതാമോൾ തോമസ്, ശ്രീമതി. നിഷാ ജോസഫ് എന്നിവർ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു.



## സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്

വിദ്യാർഥികളെ സാമൂഹ്യ വിഷയങ്ങളിൽ തൽപ്പരരാക്കുക, സാമൂഹ്യ ബോധമുള്ള ഉത്തമ പൗരന്മാരാക്കി വളർത്തുക എന്നീ ലക്ഷ്യത്തോടെ സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് പ്രവർത്തിക്കുന്നു. സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ദിനാചരണങ്ങൾ, സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്, മേളകൾ എന്നിവ സംഘടിപ്പിക്കുന്നു. ശ്രീ. ടോമി എബ്രഹാം, ശ്രീ. അനിൽ മാത്യു എന്നിവർ കൺവീനർമാരായി പ്രവർത്തിക്കുന്നു.



## ജൂനിയർ റെഡ്ക്രോസ്

1828 മെയ്മാസം 8-ാം തീയതി സ്വിറ്റ്സർലണ്ടിലെ ജനീവ പട്ടണത്തിൽ ജനിച്ച മനുഷ്യസ്നേഹിയായ ജീൻ ഹെന്റി ഡുനാന്റ് രൂപംകൊടുത്ത അന്തർദേശീയ ജീവകാരുണ്യ പ്രവർത്തന സംഘടനയാണ് റെഡ്ക്രോസ് സൊസൈറ്റി. പ്രധാനമായി മൂന്ന് ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയാണ് ജെ.ആർ.സി വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്നത്; (1) ആരോഗ്യം അഭിവൃദ്ധിപ്പെടുത്തുക, (2) പരോപകാര



ത്വത്തിൽ വിദ്യാർഥികൾ ക്ലാസ്സിൽ ഒത്തുചേർന്നു. കേക്കുമുറിച്ച്, മംഗളങ്ങൾ ആശംസിച്ചുകൊണ്ട് ആഘോഷങ്ങൾക്കു തുടക്കം കുറിച്ചു. 2.15ന് അധ്യാപകരും വിദ്യാർഥികളും സ്കൂൾ ഗ്രൗണ്ടിൽ ഒത്തുചേർന്നു. സ്കൂൾ മാനേജർ റവ. ഫാ. വർഗീസ് കൊച്ചുപറമ്പിൽ സി.എം.ഐ, ഹെഡ്മാസ്റ്റർ ശ്രീ. റെന്നി മാത്യു എന്നിവർ ക്രിസ്തുമസ്ദിന സന്ദേശം നൽകി. കരോൾ ഗാനങ്ങൾ സമ്മേളനത്തിന് ഇമ്പമേകി.

## സ്ഥാപക ദിനാഘോഷം



ജനുവരി 7-ാം തീയതി വിദ്യാലയത്തിന്റെ സ്ഥാപകനായ വി. ചാവറയച്ചന്റെ തിരുനാൾ ഭക്തിപൂർവ്വം ആഘോഷിച്ചു. കൊടിതോരണങ്ങളും മുത്തുക്കുടകളുംകൊണ്ട് വിദ്യാലയവും പ്രദക്ഷിണ വഴികളും അലങ്കരിച്ചു. അന്നേദിവസം രാവിലെ വി. ചാവറ പിതാവിന്റെ നൊവേന നടത്തി. ബഹു. സ്കൂൾ മാനേജർ റവ. ഫാ. വർഗ്ഗീസ് കൊച്ചുപറമ്പിൽ സി.എം.ഐ മുഖ്യ കാർമ്മികത്വം വഹിച്ചു. തിരുനാൾ പ്രദക്ഷിണം ദേവാലയത്തിൽ എത്തിയപ്പോൾ റവ. ഫാ. റെന്നി കളം സി.എം.ഐ വി. ചാവറയച്ചനെക്കുറിച്ച് പ്രഭാഷണം നടത്തി. പൂർവ്വ വിദ്യാർഥിയായ നവവൈദികൻ ഫാ. ജേക്കബ് വടക്കേത്തലയ്ക്കൽ എം.സി.ബി.എസ് വി. ബലിയർപ്പിച്ചു. ശ്രീ. ഷാജി തോമസ് നവവൈദികന് ആശംസനേർന്നു സംസാരിച്ചു. രുചികരമായ ഉച്ചഭക്ഷണം ആഘോഷത്തിന് മാറ്റ്കൂട്ടി.



## റവ. ഡോ. ആന്റണി വള്ളവന്തറ ക്വിസ്

റവ. ഡോ. ആന്റണി വള്ളവന്തറ സി.എ.ഐയുടെ സ്മരണയ്ക്കായി വർഷംതോറും നടത്തിവരുന്ന ക്വിസ് മത്സരം ഈ വർഷം ജനുവരി 23ന് നടത്തി. എൽ.പി വിഭാഗം വിദ്യാർഥികൾക്കായി നടത്തുന്ന മത്സരത്തിൽ ഈ വർഷം 24 ടീമുകൾ പങ്കെടുത്തു. യു.പി വിഭാഗം അധ്യാപകർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ശ്രീ. ഷാജി തോമസ് ക്വിസ് മാസ്റ്ററായി പ്രവർത്തിച്ചു.



## പിറ്റി.എ

അക്കാദമികവും ഭൗതികവുമായ വിദ്യാലയപ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്ന പി.റ്റി.എ നമ്മുടെ വിദ്യാലയത്തിന് മുതൽക്കൂട്ടാണ്. ശ്രീ. ബെന്നിച്ചൻ തുണ്ടിയിൽച്ചിറ പി.റ്റി.എ പ്രസിഡന്റായും ശ്രീ. അനിൽ തോമസ് പൊന്നൻവാടയിൽ വൈസ്പ്രസിഡന്റായും ശ്രീമതി. ആൻസമ്മ സെബാസ്റ്റ്യൻ മൂലശ്ശേരി എം.പി.റ്റി.എ പ്രസിഡന്റായും ശ്രീമതി. ഗിരിജ സുരേഷ് വൈസ് പ്രസിഡന്റായും സേവനമനുഷ്ഠിക്കുന്നു.





## സ്പോർട്സ് ഹോസ്റ്റൽ

സ്പോർട്ട്സ് കൗൺസിൽ അംഗീകാരമുള്ള ഒരു സ്പോർട്സ് ഹോസ്റ്റൽ സ്കൂളിനോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്നു. റവ. ഫാ. മാത്യു ചെത്തിക്കളം സി.എം.ഐ ഹോസ്റ്റൽ വാർഡനായും ശ്രീ. ദീപുമോൻ എസ് പരിശീലകനായും സേവനം ചെയ്തുവരുന്നു. 21-ാമത് സെന്റിനറി ട്രോഫി ഉൾപ്പെടെ നിരവധി ടൂർണ്ണമെന്റുകളിൽ വിജയം നേടുവാൻ നമ്മുടെ വിദ്യാലയത്തിനു സാധിച്ചു.

## സ്കൂൾ കൺസലിങ്ങ്സെൽ

കുട്ടികളുടെ ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ മനസ്സിലാക്കി പരിഹാരം നിർദ്ദേശിക്കുന്നതിനും ആവശ്യമായ മാനസിക പിന്തുണ നൽകുന്നതിനുമായി പരിശീലനം സിദ്ധിച്ച കൗൺസിലേഴ്സ് ഇവിടെ സേവനം ചെയ്തു വരുന്നു.

## മലയാളത്തിളക്കം - ജയ്സമ്മ ജോസഫ്

കുട്ടികളിലെ ഭാഷാപഠന നിലവാരം ഉയർത്തുന്നതിനുള്ള സവിശേഷ പദ്ധതിയാണ് മലയാളത്തിളക്കം. മലയാളത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മലയാളത്തിളക്കത്തിലൂടെ മെച്ചപ്പെട്ട നിലവാരത്തിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ഗവൺമെന്റ് ആവിഷ്ക്കരിച്ച പദ്ധതിയാണിത്. മലയാളത്തിൽ തിളക്കം നഷ്ടപ്പെട്ട കുട്ടികൾക്ക് അത് ആർജ്ജിക്കുവാനും, കൂടുതൽ തിളങ്ങാനും ഈ പദ്ധതി സഹായിക്കുന്നു.

2018-19 അധ്യയന വർഷത്തെ 'മലയാളത്തിളക്കം' പദ്ധതിക്ക് 29/11/2018 രാവിലെ 11.30ന് ബഹു. ഹെഡ്മാസ്റ്റർ റെന്നി മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ശ്രീ. അനിക്കുട്ടൻ സാറിന്റെ ക്ലാസോടെ തുടക്കം കുറിച്ചു. തുടർന്നുള്ള 8 ദിവസങ്ങളിലെ ക്ലാസുകൾക്ക് ശ്രീമതി. ജെയിസമ്മ ജോസഫ് നേതൃത്വം നൽകി. കൂടാതെ മലയാളം അധ്യാപകരായ സിസ്റ്റർ മേബിൾ സി.എം.സി, ശ്രീമതി അല്ലി ട്രീസ ജോർജ്ജ്, ശ്രീമതി. ബിജിമോൾ സേവ്യർ എന്നിവർ വരകളിലൂടെയും വർണ്ണങ്ങളിലൂടെയും പാട്ടുകളിലൂടെയും അക്ഷരങ്ങളുടെ ലോകത്തിലേയ്ക്ക് കുട്ടികളെ കൈപിടിച്ച് നടത്തി. കുട്ടികളിലെ സർഗ്ഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുന്ന'തിളക്കം' മാഗസിൻ ഏറെ ശ്രദ്ധേയമായി.

## പ്രളയം-പറയാതെ പറഞ്ഞത് - വിജിമോൾ സേവ്യർ

ഒരു നൂറ്റാണ്ടിൽ ഒന്നോ രണ്ടോ വട്ടം മാത്രം സംഭവിക്കുന്ന അപൂർവ്വമായ മഹാ പ്രളയത്തിനാണ് 2018ൽ കേരളം സാക്ഷിയായത്. കേട്ട് കേഴ്വിമാത്രമുള്ള 99ലെ വെള്ളപ്പൊക്കത്തെക്കാൾ ഉയർന്ന് നിന്ന പ്രളയത്തിന്റെ ഞെട്ടലിൽ നിന്ന് മുക്തരാകുവാൻ പലർക്കും ഇനിയും കഴിഞ്ഞിട്ടില്ല. ജീവനെ കുളിരണിയിക്കുന്ന മഴത്തുള്ളിയുടെ വരവിനായി കാത്തിരുന്ന നാടിന് താണ്ഡവമാടി സർവ്വനാശം വരുത്താൻ തയ്യാറായി നിൽക്കുന്ന മഴയുടെ ഭീകരമുഖമാണ് കാണാൻ കഴിഞ്ഞത്.

ആലുവ, അങ്കമാലി, തൃശൂർ, റാന്നി, പത്തനംതിട്ട തുടങ്ങി കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ ആർത്തലച്ചുകയറിവന്ന വെള്ളത്തെ ഭീതിയോടെയാണ് അന്നാട്ടുകാർ കണ്ടത്. എന്നാൽ മഴയും വെള്ളവുമായി എന്നും പ്രണയത്തിലായിരുന്ന കുട്ടനാട്ടുകാർക്ക് മഴക്കാലത്തിന്റെ വരവോടെ സജീവമാകുന്ന ജലാശയങ്ങൾ സന്തോഷത്തിന്റെ അനുഭവമാണ് പ്രദാനം ചെയ്യുന്നത്. കാരണം ഒഴുക്ക് തടസ്സപ്പെടുന്നതോടെ മലിനമാകുന്ന ജലാശയങ്ങൾ കഴുകി വൃത്തിയായി നാടും വീടും മാലിന്യമുക്തമാക്കുന്ന പ്രകൃതിയുടെ വരദാനമാണ്. കുട്ടനാടിനെ സംബന്ധിച്ചിടത്തോളം വെള്ളപ്പൊക്കം. അതുകൊണ്ടുതന്നെ മണ്ണിനേയും മനസ്സിനേയും കുളിരണിയിപ്പിച്ചുകൊണ്ടുള്ള മഴയുടെ വരവിനെ സ്വതസിദ്ധമായ ഉത്സാഹത്തോടെയാണ് നാം വരവേറ്റത്. എന്നാൽ ചെറുതും വലുതുമായ രണ്ടുമൂന്നു വെള്ളപ്പൊക്കങ്ങൾക്കു ശേഷം നിർത്താതെ പെയ്ത മഴയും കരകവിഞ്ഞ ജലാശയങ്ങളും പയ്യെപയ്യെ മനുഷ്യരെ ഭീതിയിലാഴ്ത്തികൊണ്ട് ഉയർന്നു വന്നു.

മുട്ടോളം വെള്ളം അരയോളമായും കഴുത്തോളമായും ഉയരുന്നതും കരുതിവച്ചതും സ്വരുക്കൂട്ടിയതുമായ സമ്പാദ്യങ്ങളെല്ലാം വെള്ളം കവരുന്നതുമായ കാഴ്ച പലർക്കും ഹൃദയഭേദകമായിരുന്നു. ഒന്നോ രണ്ടോ കട്ടകളിൽ വിലപിടിപ്പുള്ള വസ്തുക്കൾ അതിനും മീതെ വെള്ളം കയറിയപ്പോൾ എല്ലാംകൂടി വെള്ളത്തിൽ ഒഴുകി നടക്കുന്നത് കണ്ട് ഒന്നും ചെയ്യാനാകാതെ മരവിച്ചു നിൽക്കുന്ന മനുഷ്യരുടെ നിസ്സഹായത. നിറയെ വെള്ളത്തിലും തുള്ളി കുടിക്കാനില്ലാതെ, ഭക്ഷണം കഴിക്കാൻ നിവർത്തിയില്ലാതെ........ മണ്ണിനേയും പ്രകൃതിയേയും വെല്ലുവിളിച്ചുകൊണ്ടുയർത്തിയ സൗധങ്ങൾ, അപരന്റെ കണ്ണീരുപ്പുനുണഞ്ഞുകൊണ്ട നേടിയ സൗഭാഗ്യങ്ങൾ എല്ലാം വെള്ളം കയറി ചെളിമൂടി......... റോഡും പാലവും വന്നതിൽ മതിമറന്നഭിമാനിച്ചവർ ഒരു വള്ളം കിട്ടാനില്ലാതെ പുറത്തിറങ്ങാൻ നിവർത്തിയില്ലാതെ......... വിലപിടിപ്പുള്ള കാറുകളിൽ വെള്ളം കയറുന്നതുകണ്ട് വീർപ്പടക്കി നിൽക്കുന്ന കാഴ്ച........ ഒടുവിൽ പ്രാണ രക്ഷാർത്ഥം സർവ്വതും ഉപേക്ഷിച്ച് പലായനം. വളർത്ത് മൃഗങ്ങളുടെ പിൻവിളിയിൽ വ്യഥിതഹൃദയവുമായി.........

അതിരുകളെ ഭേദിച്ച് ഉയരത്തിലേക്ക് കുതിക്കുന്ന വെള്ളം നാടിന്റെയും വീടിന്റെയും മാത്രമല്ല, മനുഷ്യമനസ്സിന്റെ കൂടി വേലിക്കെട്ടുകൾ തകർക്കുന്ന കാഴ്ചയാണ് കേരളം പിന്നീട് കണ്ടത്. കൊലയാളികളായി മുദ്രകുത്തപ്പെട്ട ടിപ്പറുകളും ടൊറസ്സുകളും രക്ഷാദൂതരായി മനുഷ്യ മനസ്സുകളിലേയ്ക്ക് ഓടിക്കയറി. നിസ്സഹായരിലേക്കു നീളുന്ന രക്ഷയുടെ കരങ്ങൾക്ക് നിറഭേദങ്ങളോ ജാതിവ്യത്യാസങ്ങളോ രാഷ്ട്രീയ വേർതിരിവോ ഇല്ലായിരുന്നു. കൈപിടിച്ചുയർത്താൻ, ചേർത്ത് നിർത്താൻ ഒരായിരം കരങ്ങൾ ഒന്നിച്ചുയർന്നപ്പോൾ അതിജീവനത്തിന്റെ പുതിയ കര പലർക്കും തെളിഞ്ഞുവന്നു. പ്രിയപ്പെട്ടത് പലതും നഷ്ടപ്പെടുത്തിയ പ്രളയം......... തിരിച്ചറിവുകളുടെ നേട്ടങ്ങൾ നൽകിയ പ്രളയം.......... കുടുക്കയിലെ ചില്ലറത്തുട്ട് സമ്പാദ്യം മുതൽ സമ്പത്തിന്റെ വലിയൊരോഹരിവരെ ദാനം ചെയ്യാൻ പഠിപ്പിച്ച പ്രളയം...... കരയുന്നവന്റെ കണ്ണീരൊപ്പാൻ ശീലിപ്പിച്ച പ്രളയം........ തച്ചുടയ്ക്കാനും തകർത്തു വാരാനും ശ്രമിച്ച ഭീകരതയെ ശാന്തമാക്കുവാനും സ്വാന്തനിപ്പിക്കുവാനും പഠിപ്പിച്ച സ്നേഹത്തിന്റെ മഹാപ്രളയം. നമ്മുടെ നന്മയുടെ അടയാളമായി ഈ മഹാ പ്രളയത്തെ നമുക്ക് എന്നും മനസ്സിൽ സൂക്ഷിക്കാം.

## കരുത്തു പകരുന്ന യു.പി. വിഭാഗം - പ്രിയാ മാത്യു

സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂളിന്റെ ശിശുവിഭാഗമായ അപ്പർ പ്രൈമറി പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയെ ലക്ഷ്യമാക്കി ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നു. 5 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ കുസൃതികളും കഴിവുകളും കലാപ്രകടനങ്ങളും കായിക മികവുകളും എല്ലാം പ്രകടിതമാകുന്ന കാലഘട്ടം. കമ്പ്യൂട്ടർ പരിജ്ഞാനത്തിനായി കമ്പ്യൂട്ടർ ക്ലാസ്സുകൾ യുപി ക്ലാസ്സിൽത്തന്നെ ആരംഭിക്കുന്നു. വിഷയാധിഷ്ഠിതമായ ക്ലാസ്സുകളും അതോടൊപ്പം കലാകായികരംഗത്തെ താല്പര്യമനുസരിച്ച് അതിനുള്ള ക്ലാസ്സുകളും നൽകുന്നു. കുട്ടികളുടെ മാനസികമായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി കൗൺസിലിംഗ് നടത്തുന്നു. അതുവഴി നിർഭയരായ സ്വാതന്ത്ര്യം ആസ്വദിക്കുന്ന ഒരു ഭാവിജീവിതം അവർക്ക് സാധ്യമാകുന്നു. ശ്രദ്ധ, ഹലോ ഇംഗ്ലീഷ് മലയാള തിളക്കം തുടങ്ങിയ ഗവൺമെന്റ് പദ്ധതികൾ കുട്ടികൾക്ക് പ്രയോജനപ്പെടുമാറ് ക്ലാസ്സ് സമയത്തിനു പുറമേ ഉള്ള സമയത്ത് നടത്തുന്നു. ഓരോ വിഷയത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അതാതു വിഷയങ്ങളിൽ വിദഗ്ദ്ധരായ അദ്ധ്യാപകർ ക്ലാസ്സു നടത്തുന്നു. ശാസ്ത്ര ഗണിതശാസ്ത്ര പ്രവർത്തിപരിചയ മേളകളിൽ കുട്ടികൾ പങ്കെടുക്കുകയും സമ്മാനങ്ങൾ വാരിക്കൂട്ടുകയും ചെയ്യുന്നു. യു.പി. വിഭാഗം കുട്ടികൾ കലോത്സവങ്ങളിലും സജീവമാണ്. ആൺകുട്ടികൾക്ക് പങ്കെടുക്കാൻ പറ്റുന്ന എല്ലാ മത്സരങ്ങളിലും നേട്ടം കൈവരിക്കുവാൻ യു.പി. വിഭാഗത്തിന് സാധിക്കുന്നുണ്ട്. ക്വിസ് പ്രോഗ്രാമുകൾ, പ്രസംഗമത്സരങ്ങൾ, ഉപന്യാസ രചന തുടങ്ങി ജില്ലയ്ക്ക് അകത്തും പുറത്തും നടക്കുന്ന മത്സരങ്ങളിലൊക്കെ കുട്ടികൾ പങ്കെടുക്കുകയും സമ്മാനാർഹരാകുകയും ചെയ്യുന്നു. പഠന കാര്യങ്ങളിൽ മാത്രമല്ല കുട്ടികൾക്കുണ്ടാകുന്ന ശാരീരികവും മാനസികവുമായ എല്ലാ വെല്ലുവിളികൾക്കും ഉത്തരവാദിത്വത്തോടെ പരിഹാരം കാണാൻ കഴിവുള്ള അദ്ധ്യാപകരാണ് യുപി വിഭാഗത്തിന്റെ ശക്തി.

**എന്റെ മാതൃഭാഷ**

**"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്യന്ന പെറ്റമ്മ തൻ**

**ഭാഷ താൻ"**

ശബ്ദമാധുരിയുടെ ഉത്തുംഗ ശൃംഗത്തിൽ നിന്നും. കൊണ്ട,നമ്മുടെ കേരളത്തിന്റെ മഹാ കവി,വള്ളത്തോൾ നാരായണമേനോൻ ഇങ്ങനെ പാടി. പോറ്റമ്മമാരായ മറ്റു ഭാഷകൾ നടുവിൽ, പെറ്റമ്മയുടെ മഹനീയസ്ഥാനം അലങ്കരിക്കുന്നത് ഈ മാതൃഭാഷാണ്.നമ്മുടെ മാതൃഭാഷയായ മലയാളത്തിന്റെ സൗന്ദര്യവും ലാളിത്ത്യവും വർണതാതീതം തന്നെ.മലയാള ഭാഷയുടെ മാദക ഭംഗിയെക്കുറിച്ചും ലവണ്യത്തെക്കുറിച്ചും കവികൾ വർണിച്ചിട്ടുണ്ട്. മനുഷ്യന്റെ വിചാരങ്ങളും വികാരങ്ങളും ഫലപ്രദമായിവിനിമയം ചെയ്യാൻ അവലംബിക്കുന്ന് മാധ്യമമാണ് ഭാഷ. മൂന്ന കോടിയിലതികം ജനങ്ങൾ അനായസം കൈകാര്യം ചെയ്യുന്ന ഈ ഭാഷ, അന്യഭാഷക്കാരെ ആകർഷിക്കുന്നതിൽ തെറ്റൊന്നുമില്ല.
തുഞ്ചത്തെഴുത്തച്ചന്റെ രാമായണം പാടിയ ശാരികപൈതലും ശ്രദ്ധിക്കപ്പെട്ടു.അങ്ങനെ അനേകം മഹാൻന്മാർ നെഞ്ചേറ്റി ലാളിച്ച എന്റെ മാതൃഭാഷ കുലീനം തന്നെ.വിശ്വപൗരനാകുന്ന മലയാളിക്കൊപ്പം, രാജ്യരാജ്യാന്തര അതിർത്തികൾ കടന്ന് നമ്മുടെ മലയാളം.ആഗോള ശ്രദ്ധനേടിയതിന്ന പ്രവാസി മലയളിസമൂഹം അഭിനന്ദനം അർഹിക്കുന്ന നമ്മുടെ രാജ്യതിന്റെ ഭരണഘടനയുടെ എട്ടാം ഖട്ടത്തിൽ ഇരുപത്തിരണ്ട് ഔദ്യോഗിക ഭാഷകൾക്കൊപ്പം മലയാളവും ഇടം നേടി.മാതൃഭാഷയുടെ മാധുര്യം ആവോളം
ആസ്വദിക്കാൻ കഴിഞ്ഞാൽ അത് ഒരു ഭാഗ്യം തന്നെ മറ്റു ഭാഷകളെയും സംസ്കാരങ്ങളെയും മനസ്സിലാക്കുന്നതും അവയെ സ്വായത്തമാക്കുന്നതും നല്ലതുതന്നെ എന്നാൽ ഇതര ഭാഷ സ്നേഹം മൂലം നമ്മുടെ ഭാഷയെ അവഗണിക്കുന്നതും ഒരു വലിയ തെറ്റാണ് അന്യഭഷകൾ അഭ്യസിക്കുന്നതോടൊപ്പം മാതൃഭഷയുടെ മൂല്യം മനസ്സിലാക്കാനും അതിന്റെ മാധുര്യം നുണയുന്ന കൈരളിയുടെ പുതിയ തലമുറക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

പ്രകൃതിയിലേക്ക് മടങ്ങുക

- പ്രകൃതിയിലേക്ക് മടങ്ങുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പ്രകൃതിയൊട് ഇണങ്ങുക എന്നതാണ്,ഇതിനെ നശിപ്പക്കാതിരിക്കുക എന്നതാണ് അർത്ഥമാക്കുന്നത്. മനുഷ്യനോട് പ്രകൃതിയോടുള്ള ഉത്തരവാദിത്വം മാത്രമല്ല ഉദ്ധേശിക്കുന്നത് മനുഷ്യനോടും ഉത്തരവാദിത്വവുമാണ്.മനുഷ്യകുലം ഇല്ലെങ്കിലും ഈ പ്രകൃതിയും ഭൂമിയും നിലനിൽക്കും എന്നാൽ പ്രകൃതിയില്ലെങ്കിൽ ഭൂമിയല്ലാതെ മനുഷ്യന് വേറോരു വാസസ്ഥലം ഇല്ല.പ്രകൃതിയുടെ മേൽ കൈവരിച്ച ഒരോ വിജയത്തെ കുറിച്ചും നമ്മൾ അഹങ്കരിക്കേണ്ടതില്ല,ഒരിക്കലെങ്കിലും അത് തിരിച്ച് പകരം ചോദിക്കും അതാണ് ഇന്ന നാം അനുഭവിക്കുന്നത്.ഒരു മരം എങ്കിലും പ്രകൃതിക്ക് തിരിച്ച് നൽകാം. അതിലൂടെ നമ്മൾ നമ്മളെത്തന്നയാണ് രക്ഷിക്കുന്നത് നമ്മൾക്ക് ആഹാരവും,വസ്ത്രവും,പാർപ്പിടവും നൽകുന്ന, നമുക്ക് ശുദ്ധവായു നൽകുന്ന പ്രകൃതിയെ നാം സംരക്ഷിക്കണം ഒരു 50 വർഷം മുമ്പ് നിലനിന്നിരുന്ന ശുദ്ധജലസ്രോതസ്സുകളിൽ എത്ര ശതമാനം ഇന്ന കേരളത്തിൽ നിലനിൽക്കുന്നുണ്ട് പുഴകളുടെയും അരുവികളുടെയും ആറുകളടെയും തടാകങ്ങളുടെയും ഇന്നത്തെ സ്ഥിതി എന്താണ്.കൃത്യമായ കണക്കുകൾ ആരുടെയും കൈയ്യിൽ കാണില്ല നമ്മുടെ ഭരണകർത്താക്കളടെയും നേതാക്കളുടെയും ശ്രദ്ധ ഇത്തരം കാര്യങ്ങളിലല്ലലോ? ജലസ്രോതസ്സുകളുടെ മലിനീകരണം മൂലം നാം ഇന്ന വലിയ ശുദ്ധജലക്ഷാമം നേരിടുന്നു. എന്ന് ഇന്റെർനാഷണൽ വാട്ടർ മാനേജ്മെന്റ ഇൻസ്റ്റിറ്റൂട്ടിന്റെ പഠനം പറയുന്നു.
- എന്താണ് നമുക്ക് വേണ്ടത എന്ന് നമ്മൾ തിരിച്ചറിയണം.അന്നവും കുടിവെള്ളവും നമുക്ക് അന്യമാകരുത് 44 നദികളും മരിച്ചുകൊണ്ടിരിക്കുന്നു കുന്നുകളും,മലകളും ഇടിച്ചുനിരത്തി കോൺക്രീറ്റ് ഇട്ട് മൂടുന്നു. എന്താണ് നാം നേടുന്നത് ? നമ്മുടെ ഭൂമിക്ക് ചൂടുകൂടുന്നു. എല്ലാം വിഷമയമാകുന്നു. നമ്മുടെ നദികൾ നിറഞ്ഞൊഴുകേണ്ടെ? വയലുകളിൽ പച്ചപ്പു നിറയേണ്ടേ?നേരിട്ട നഷ്ടങ്ങളിൽ നിന്ന് നാം ഇനിയും ഒരു പാഠം ഉൾകൊള്ളേണ്ടിയിരിക്കുന്നു. മറ്റു രാഷ്ട്ടങ്ങൾ ഭൂമിയേയും പ്രകൃതിയേയും നിലനിർത്തുന്നത് എങ്ങനെയെന്ന് കണ്ടു പഠിക്കാം.മുറിച്ചു മാറ്റിയ മരങ്ങൾക്കു പകരം പുതിയ മരങ്ങൾ നടണം.മലിനമാക്കപെട്ട തടാകൾളും, പുഴകളും വൃത്തിയാക്കണം, നീർമലിനീകരമം അന്യം നിന്നു പോകരാകുന്ന ജീവികളെ കണ്ടെത്തി സംരക്ഷിക്കണം പൂർണമായും തുടച്ചു മാറ്റപെട്ടു എന്നു കരുതുന്ന ജീവികളേയും മൃഗങ്ങളെയും കാട്ടിൽ എവിടെയെങ്കിലുമുണ്ടെങ്കിൽ കണ്ടെത്തി സംരക്ഷിക്കണം പച്ചപിടിച്ച മഴക്കാടുകളും ശുദ്ധജലശ്രോദസ്സുകളും അതുപോലെ പ്രകൃതിയുടെ മറ്റൊരുപാട് അനുഗ്രഹങ്ങളും നമ്മുടെ കേരളത്തിലുണ്ട് അതിന്റെ പഴയ കാലം നിലനിർത്താൻ കഴിഞ്ഞില്ലെങ്കിലും ഉള്ളതിനെ നിലനിർത്തികൊണ്ട് നമ്മുടെ പ്രക്രിയെ നമ്മൾ സംരക്ഷിക്കാൻ മുന്നോട്ടു വരണമെന്ന് ആഹ്വാനം ചെയ്യുന്നു.
- എന്ന്
- മാധവ് എസ്സ് കുമാർ
- 8B

## BASKETBALL

One of the most entertaining game in the world was invented by Dr James Naismith,a canadian physical educater, working in the YMCA collage springfield, in the year 1891. he invented the game to keep his trainees physically fit during the cold winter months. Intially Basketball was played using peach baskets and soccer balls inside the gym. As many as 18 players (9 per team ) ladder to take the ball out of the basket. Metal hoops, nets and backboards were introduced in 1906. the game caught the attention of the youth quickly and grew very popular all over the world through the efforts of YMCA' s around the world.

The governing body of international Basketball, Known as FIBA ( Federation Internationale de Basketball amateur OR Inernational Basketball federation ) , was formed in 1932 in geneva. On a professional front, Basketball Association of America was founded in New York in 1946 which later adopted

the name National Basketball Association in 1949.

There had been so many legends like bill Russel, wilt chamberlain, jerry west etc who had Legendery careers

in basketball. But it was julias Erving (known as Dr j) who revolutionized the game by introducing a new playing style -playing above the rim. He had sheer power and fascinating skills to change the game into showtime events. Then came Michael Jordan, who is considered to be the greatest player on the planet to have played the game of Basketball till today. He had unmatched skills, artistic movements and had no weakness in term of basketball fundamentals. He always elevated his game to the next level when thing s got tougher and helped his team to create a dynasty in the NBA.

Benefits of playing Basketball

1. promotes cardio vascular health

2. Burns calories

3. Builds Bone strength

4. Boosts the immune system

5. Improves muscular strength

6. Boosts mental development

7. develops better coordination and motor skills

8. develops self discipline and concentration

9. improves awareness of Space and Body

10. Boosts confidence

by Joseph Thomas

# The Brief HISTORY of

# TOURISM

The tourism business in at lest 2,000 years old . It began when weather citizen of ancient rome ,

deciding they would rather spend their summer away

from the city took trips to countryside and coast

During the medieval era ,however ,tourism

again appeared thanks to a growing interest in

pilgrimages . The organisers arranged the tourism

basics of itineraries and places to eat and sleep.

And from record such as chaucer canterbury tales

it evident that many pilgrims were keen to relax and

enjoy themselves as well as visit a holy shrine In fact it from the old English word haligdaeg choly day that holiday derives

But it was two other factors hundred of years later

that encouranged the start of more widespread

and regular tourism ; health and culture.Those who could afford to do so began to visit the spa and seaside

towns of eighteenth century Europe to benefit from the spring water and fresh air other; most notably the

English took educational holidays to countries such

as Italy with the intention of studying painting, sculptures and architecture and visiting historical

sites

straight forward leisure tourism took hold when

industrialisation across Europe gave rise to an affluent

middle class with an increasing amount of free time.

Entrepreneurs started to build tourist hotels with an

infrastructure of roads,carriages and ferries .Tourism began to take shape as an international industry.

The industry was popular and steadily successful

from the early Nineteanth century . But for the most

part it was expensive and limited to a small number

of locations .then everything suddenly changed In the

1960s;a growing number of people has disposable

incomes and with this extra money came a desire for a

different lifestyle .at the same time,reasonable priced

commercial aircraft were able to carry passengers to

and from any airport in the world

mass tourism had arrived and with it there came an extraordinary growth in facilities .fishing

village on the southern coast of Spain ,for instance ,

became resort that where household names Elsa where

,business people capitalised on the demand for tourist attractions and constructed leisure and theme

parks

The driving force behind these rapid developments

was cash in 2006 ,the international tourism receipts for the three most popular destinations- France ,Spain and the united states of totalled 179.7 billion. The number of visitors who contributed this sum was 188,7 million.

With figures such as these , many countries around the globe work hard to encourage travellers to visit them. The result in recent years is the boom in long hall flights to destinations that can supply tourists with sun almost every week of the year.

Unfortunately , it's this scramble to grab sometimes damaging Environments unable to sustain large numbers of visitors. There are also concerns about the pollution generated by the ever-rising volume of tourist Flight , cruise ships and road traffic. And on top of this problems are increasing fuel costs the demise of established resorts that have over- expanded fluctuating exchange rates for currencies and the credit crunch.

The tourism industry will no doubt adopt to new demands and circumstances but despite some optimistic predictions from tourism agencies for it's continued

growth, this business may well find that it's most successful era, for the time begin anyway is past.

BY

Abhijith PR

മഴമുത്തുകൾ

കുഞ്ഞുണ്ണിയായി എന്ന മിരിക്കുന്ന കവി. പ്രായമായിട്ടും മനസ്സിൽ കുഞ്ഞുങ്ങളുടെ നൈർമല്യം കാത്തുസൂക്ഷിക്കുന്ന കവിയും മാഷും. കുഞ്ഞുങ്ങളുടെയും വലിയവരുടെയും പ്രിയ കവി. ചെറിയ കവിതകളിൽ വലിയ ആശയങ്ങൾ ഒരുക്കുന്ന വിരുതനായ കവി . വലിയ ആശയങ്ങൾ ലളിതമായി ആവിഷ്കരിക്കുന്ന ഭാവനാശാലി